REGD. No. M. 4374.

Annual Subscription Rs 5/

മാപ്പിള റിവ്യു

The MAPPILLA REVIEW

VOL. 5 | JUNE 1945 | No. 2



Printed by K. A. KRISHNAN at the Empire Press, C[illegible]t. Edited & Published by K. ABUBUCKER.

ജീവിതം മധുരം
അതിലും മധുരമാണ്
ലോധ്ര.

അതാണ് ഇവൾക്ക്
സമ്പൂർണ്ണാരോഗ്യം
നൽകി
ഞങ്ങളുടെ ജീവിതം
സന്തോഷ
സന്ദായകമാക്കിയത്.

കേസരികുടീരം ലിമിറ്റഡ്, മദിരാശി.

മലബാർ, കൊച്ചി, തിരുവിതാംകൂർ, തെക്കൻ കർണ്ണാടകം
മുതലായ ദിക്കുകളിലേക്കു ഏജൻ്റുമാർ :—
കൊച്ചിൻ മെഡിക്കൽ സ്റ്റോർസ്, തൃശ്ശിവപേരൂർ.

The Standard Furniture Co., Ltd.,

KALLAI, MALABAR.

Manufacturers of
HOUSEHOLD
and
OFFICE FURNITURE

Branches :-

MADRAS— 34/35 General Patters Road, Mount Road.
TRICHINOPOLY-Promenade Road, Cantt.
COIMBATORE— Avanasi Road.
BANGALORE— Kempegowda Road, Bangalore City.

ശംഖ്മാക്ക്

കൈത്തറി ലുങ്കികളും, കൈ
ലേസുകളും മുതലായവ മാട്ട
വവും, ധരിപ്പാൻ സുഖവും
ഭംഗിയിൽ നിർമ്മിതവുമാണ്.

MOHAMED ABOOBACKER & CO.

YARN & HAND LOOM PRODUCTS MERCHANTS
PHONE. 4477-'GRAMS "KYLEKING"
95. THAMBU CHETTY ST.-G.T. MADRAS.

Telephone: No. B. B. 2987
Telegrams: "CHANKLUNGI"
65/11-12, Lower Chitpur Road, CALCUTTA

&

Telegrams: "CHANKMARK"
DOOR No. 84.
East Veli Street, MADURA.

മുഹമ്മദ് അബൂബെക്കർ & കമ്പനി.

84 ഈസ്റ്റ് വെളിസ്റ്റ്‌റീറ്റ്, മധുര

Contents

		Page
1.	Islamic Sociology—V. Abdul Qayyoom	1
2.	After committing sin—K. T. Abdullah, B. A., L. T.,	3
3.	On Hope—Vijayan	4
4.	President Roosevelt—C. Narayanan, M. A., L. T.,	5
5.	Modern Ghost World—(Lokavaloki)	9
6.	On the eve of monsoon—C. Narayanan M. A., L. T.,	10
7.	On Tolerance—P. M. K.	12
8.	Be my darling—K. N. Kadathanad	15
9.	Beginning of the Muslim rule in syria—Verghese Kalathil, M. A.,	18
	Children's Column	
10.	Our India—P. K. M. Kunhu	21
11.	Notes	23

ഇവിടെ എല്ലാവിധ രോഗങ്ങളും എത്ര കാലപ്പഴക്കം ചെന്നതായാലും എളുപ്പത്തിൽ സുഖപ്പെടുത്തുന്നതിന്നുപുറമെ, ബാലചികിത്സക്ക അത്യുത്തമവും, കുട്ടികൾക്ക കഴിക്കുവാൻ വളരെ സ്വാദുള്ളതും, **വസൂരി, വയരി, കോളറ, ചൊറി, കൊക്കക്കുര** മുതലായ പകൎച്ചവ്യാധികൾ പിടിപെടാതിരിക്കുവാനും പിടിപെട്ടവൎക്ക എളുപ്പത്തിൽ സുഖപ്പെടുവാനും ഉള്ള ഹോമിയോ മരുന്നുകൾ കിട്ടുന്നതാകുന്നു.

ഉഷ്ണരോഗങ്ങൾ പിടിപെട്ടവൎക്കും, പിടിപെട്ടുതല്ക്കാലം സുഖമായെങ്കിലും അതുസംബന്ധമായി ഉണ്ടാകുന്ന മററു പല രോഗങ്ങൾക്കും ഉള്ള ഹോമിയോപ്പതി മരുന്നുകൾക്ക്

Consult our Physician
M. KRISHNAN (Homoeo)

മാപ്പിള റവ്യൂ

പുസ്തകം 5. | 1945 ജൂൺ | ലക്കം 2.

READING ROOM

ഇസ്ലാംമതവും സാമുദായിക നിയമങ്ങളും

(വി. അബ്ദുൽ ഖയ്യൂം)

IV

രാഷ്ട്രത്തിന്റെയും സമുദായത്തിന്റെയും ആവശ്യത്തിന്നായി ത്യാഗം ചെയ്യുകയും സാമുദായികമായ ചുമതലകളെ നിർവ്വഹിക്കുന്നകാര്യത്തിൽ ഉത്സുകനായിരിക്കുകയും ചെയ്യേണ്ടതു ഏതൊരു മുസ്ലിമിന്റെയും കർത്തവ്യമാകുന്നു. വിശുദ്ധഖുർആൻ പറയുകയാണ്:— ''നിങ്ങളുടെ സഹോദരീസഹോദരന്മാർ അക്രമികളാൽ ഉപദ്രവിക്കപ്പെടുന്ന അവസരത്തിൽ നിങ്ങൾ സമരം ചെയ്യാൻ മടിക്കുന്നതെന്തിനു?'' കൂടാതെ, നബിതിരുമേനി ഇങ്ങിനെയും പ്രസ്താവിച്ചിരിക്കുന്നു:— ''ഏതൊരുവൻ തന്റെ ധനത്തെ രക്ഷിക്കാൻവേണ്ടി ചെയ്യുന്ന പരിശ്രമത്തിൽ കൊല്ലപ്പെടുന്നുവോ അവൻ ദൈവത്തിന്റെ അടുക്കൽ രക്തസാക്ഷിയായി എണ്ണപ്പെടുന്നതാണ്.''

ആപത്തിൽ അകപ്പെട്ട സമസൃഷ്ടങ്ങളെ രക്ഷിക്കുകയെന്നതു മുസ്ലിമിന്റെ മാറാത്ത കടമയാണ്. ആപൽഘട്ടത്തിൽ പീഡിതരെ സഹായിക്കാൻ മടികാണിക്കുന്ന ആളുകൾ ദൈവകോപത്തിന്നു പാത്രമാകുന്നതാണ്. നബിനായകർ പറയുന്നതാണിതു്:— ''ആരെങ്കിലും കൊല്ലപ്പെടുന്നതു ഒരുവൻ കാണ്മാനിടയാവുകയും എന്നിട്ടവൻ മർദ്ദിതനെ രക്ഷിക്കാൻ ശ്രമിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ നിശ്ചയമായും ദൈവത്തിന്റെ മുമ്പാകെ കുററക്കാരനായിരിക്കുന്നതാണ്. അതിനാൽ, മുങ്ങിമരിക്കുന്നവരെ രക്ഷിക്കുക, തീപ്പിടുത്തം കെടുത്താൻ ശ്രമിക്കുക, ഭൂകമ്പം, ഖനിയിടിച്ചൽ, തീവണ്ടി കൂട്ടിമുട്ടൽ, ഇടിവെട്ടു മുതലായ അപകടങ്ങളിൽ അകപ്പെട്ടവരെ സഹായിക്കുക എന്നിവയെല്ലാം മുസ്ലിമിന്റെ ചുമതലകളിൽ ഉൾപ്പെടുന്നു. എവിടെയെല്ലാം ജനങ്ങൾക്കു ആപത്തു നേരിടുന്നുവോ അവിടെയെല്ലാം മുസ്ലിമിന്റെ സഹായം എത്തേണ്ടതാണ്. അഥവാ അതിന്നു വൈമുഖ്യം കാണിക്കുന്നപക്ഷം അവൻ ദൈവത്തിൻ മുമ്പാകെ സമാധാനം ബോധിപ്പിക്കേണ്ടിവരും; ദൈവാനുഗ്രഹം സമ്പാദിപ്പാൻ അവനു സാധിക്കുന്നതുമല്ല.

അന്യരുടെനേർക്ക്, നേരമ്പോക്കിന്നായിട്ടാണെങ്കിലും ശരി, ആയുധമോങ്ങുന്നതു ഇസ്ലാംമതം വിരോധിച്ചിരിക്കുന്നു. ഈ നീതിസാരത്തെ അഗണ്യമാക്കുകയാൽ അനേകം ആളുകൾ വർഷംതോറും മരണത്തിനിരയാകുന്നുണ്ടു്.

അധൈര്യപ്പെടുകയോ നിരാശനാവുകയോ ഒരു മുസ്ലിമിനു പാടില്ലാത്തതാണ്. ആപത്തുകളിലും പരീക്ഷണങ്ങളിലും ശിലാസ്തംഭംപോലെ അവൻ ഉറച്ചുനില്ക്കുകയാണ് വേണ്ടതു്. ദൗർഭാഗ്യത്തിന്റെ കൊടുങ്കാററിലും അത്യാഹിതങ്ങളുടെ തിരമാലയിലും അവൻ ഇളകാൻ പാടില്ല. പരാജയത്തോടു മല്ലിട്ടു വിജയിക്കുകയോ അഥവാ ആ പരിശ്രമത്തിൽ മൃത്യുപ്രാപിക്കുകയോ ചെയ്യാനാണ് അവൻ ഉൽബോധിപ്പിക്കപ്പെട്ടിരിക്കുന്നതു്. എല്ലായ്പോഴും ധീരനായിരിക്കാൻ ഇസ്ലാം തന്റനുയായികളോടു ആവശ്യപ്പെടുന്നു. നിരാശതയുടെ ഫലമായ ആത്മഹത്യ മുതലായ ഭീരുകൃത്യങ്ങൾ മുസൽമാന്നു നിഷിദ്ധങ്ങളാണ്.

''നിങ്ങൾ തന്നത്താൻ നാശത്തിലേക്കു ആപതിക്കരുതു്'' എന്നാണ് വിശുദ്ധഖുർആൻ ആജ്ഞാപിക്കുന്നതു്.

ഇസ്ലാംമതം അതിന്റെ അനുസാരികൾക്കു നിർബ്ബന്ധമാക്കിയിട്ടുള്ള മറെറാരു കല്പന അനാഥരെ സംരക്ഷിക്കേണമെന്നുള്ളതാകുന്നു. അനാഥർക്കു സംരക്ഷണം നൽകാത്ത ഒരു സമുദായം ഒരിക്കലും മുന്നോട്ടു പോകയില്ല. അതിനാൽ അനാഥരുടെ പ്രത്യേക സംരക്ഷണത്തിനായി ഇസ്ലാംമതം ചില വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ടു്. അനാഥശിശുക്കളെ പരിപാലിക്കുകയും അവരുടെ സ്വത്തുക്കൾ കാത്തുരക്ഷിക്കുകയും

ചെയ്യാനായി അവരുടെതന്നെ ബന്ധുക്കളിൽനിന്നു ഏതെങ്കിലും ഒരാളെ തിരഞ്ഞെടുത്ത് അവരുടെ രക്ഷാകർത്താവായി നിയമിക്കേണമെന്നാണ് ഇസ്ലാംമതമാവശ്യപ്പെടുന്നത്. ആ കുട്ടികളെ നന്നായി വളർത്തിക്കൊണ്ടുവരേണ്ടതും അവരുടെ സ്വത്തിന്നു ഹാനിവരുത്താതിരിക്കേണ്ടതും രക്ഷാകർത്താവിന്റെ ചുമതലയാകുന്നു. എന്നാൽ അയാൾ ദരിദ്രനും സ്വന്തം അദ്ധ്വാനംകൊണ്ടുമാത്രം ജീവിക്കേണ്ടവനുമാണെങ്കിൽ ആ കുട്ടികളുടെ സ്വത്തിന്റെ ആദായത്തിൽനിന്ന് ഒരു അലവൻസ് അയാൾക്കു സ്വീകരിക്കാവുന്നതാണ്. നേരെമറിച്ച്, അയാൾ വേറൊ പ്രകാരത്തിൽ കഴിവുള്ളവനാണെങ്കിൽ ആ ശിശുക്കളുടെ സ്വത്തിൽനിന്നു യാതൊന്നും അനുഭവിക്കാൻപാടില്ല. കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുക, അവർക്കു യോജിച്ചതായ തൊഴിലുകൾ പരിശീലിപ്പിക്കുക, അവരുടെ സ്വഭാവത്തെ നന്നാക്കിത്തീർക്കുക ഇതെല്ലാം ആ രക്ഷിതാവിന്റെ ബാദ്ധ്യതകളാകുന്നു. അവരെ തോന്നിയപോലെ നടക്കാൻ അനുവദിക്കുകയോ ആവേശത്തെ കെടുത്തുകളയുന്നവിധത്തിൽ അവരുടെമേൽ നിയന്ത്രണം ചുമത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. അവരുടെ നേരെ ദയയും ദാക്ഷിണ്യവും കാണിക്കണം. അവരെ സ്നേഹിക്കാനും ലാളിക്കാനും ബാദ്ധ്യതപ്പെട്ട പിതാക്കൾ നഷ്ടപ്പെട്ടിരിക്കുന്നുവെന്ന തോന്നൽ അവർക്കുണ്ടാകാതിരിക്കത്തക്കനിലയിൽ അവരോടു പെരുമാറേണ്ടതാണ്. പ്രായപൂർത്തി എത്തിയാൽ അവരുടെ പ്രാപ്തി തിട്ടപ്പെടുത്തേണ്ടതു രക്ഷാകർത്താവാകുന്നു. തങ്ങളുടെ സ്വത്തുക്കൾ സംരക്ഷിക്കുകയും കാര്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യാൻ അവർ പ്രാപ്തരാണെന്നു കണ്ടാൽ രക്ഷാകർത്താവിന്റെ മേൽനോട്ടത്തിൽനിന്നു അദ്ദേഹം അവരെ ഒഴിച്ചുവിടുകയും അവരുടെ സ്വത്തുക്കൾ അവർക്കു ഏല്പിച്ചുകൊടുക്കുകയും ചെയ്യേണ്ടതാണ്.

ഇസ്ലാംമതം കല്പിക്കുന്ന മറ്റൊരു സാമുദായിക വ്യവസ്ഥ പണമിടപാടുസംബന്ധിച്ചുള്ളതാണ്. പലപ്പോഴും ഒരുവൻ ചില പ്രത്യേകാവശ്യങ്ങൾക്കായി ദ്രവ്യം കടമെടുക്കാൻ നിർബ്ബന്ധിതനായിത്തീരാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ സ്വത്തുക്കൾ പണയപ്പെടുത്തിയിട്ടോ അല്ലാതെയോ കടമെടുക്കാൻ ഇസ്ലാം അവരെ അനുവദിച്ചിരിക്കുന്നു. കഴിവുള്ളവർ അത്തരക്കാർക്കു ദ്രവ്യസഹായംചെയ്യുന്നതു മതവിധിപ്രകാരം ഒരു പുണ്യകർമ്മമാണ്. എന്നാൽ ഏതുതരത്തിലുള്ള കൊള്ളൽകൊടുക്കലുകളായിരുന്നാലും അതു രേഖാമൂലം ചെയ്യേണമെന്നാണ് ഇസ്ലാം ശാസിക്കുന്നതു്. പിന്നീട്ടു അതുസംബന്ധിച്ച തർക്കങ്ങൾ ഉത്ഭവിക്കാതിരിക്കാനും അങ്ങനെ സാമുദായിക സമാധാനത്തിന്നു ഭംഗം വരാതിരിക്കാനും അപ്രകാരം ചെയ്യുന്നതു ഉപകാരപ്രദമായേ തീരുകയുള്ളൂ. കടക്കാരൻ ആ രേഖ രണ്ടു സാക്ഷികളുടെ ഒപ്പോടുകൂടി എഴുതിക്കൊടുക്കേണ്ടതാണ്. കടം വീട്ടുന്നതിന്നുള്ള അവധി അതിൽ നിശ്ചയിക്കപ്പെടുകയുംവേണം. അവധിക്കകത്തു കടം മടക്കിക്കൊടുക്കേണ്ടതു കടക്കാരന്റെ ചുമതലയാകുന്നു. അഥവാ, സംഗതിവശാൽ അങ്ങിനെ മടക്കിക്കൊടുപ്പാൻ സാധിക്കാതെ വരികയാണെങ്കിൽ കടക്കാരൻ ഉത്തമർണ്ണനോടു ആ വിവരം പറയുകയും അയാളിൽനിന്നു കൂടുതൽ അവധി വാങ്ങിക്കുകയും വേണ്ടതാണ്. അധമർണ്ണന്റെ അവശസ്ഥിതി മനസ്സിലാക്കി അവനോടു ഉദാരമായി വർത്തിക്കാൻ ഇസ്ലാംമതം ഉത്തമർണ്ണരോടു ഉപദേശിക്കുന്നു. അതിനാൽ കടക്കാരന്നു സൗകര്യപ്രദമായ ഒരു സന്ദർഭം ഉണ്ടാവുന്നതുവരെ അവധി നീട്ടിക്കൊടുപ്പാൻ ധാർമ്മികമായി ഉത്തമർണ്ണൻ കടപ്പെട്ടവനാണ്. ഇനി, കടംകൊടുത്തവൻ, പണം മടക്കികിട്ടാത്തപക്ഷം വിഷമത്തിലും ബുദ്ധിമുട്ടിലുമാവുന്ന ഒരവസ്ഥയിലാണുള്ളതെങ്കിലും അതേസമയത്തു കടക്കാരൻ മനഃപൂർവ്വമല്ലാതെ നിസ്സഹായനാണെന്നിരിക്കിലും ഒരു വരിസംഖ്യ പിരിച്ചു നാട്ടുകാർ അവർക്കു സഹായം നൽകേണ്ടതാകുന്നു. ഒരു കടക്കാരൻ കടംവീട്ടാതെ മരണപ്പെട്ടുപോവുകയാണെങ്കിൽ അവന്റെ സ്വത്തിൽനിന്നു ഉത്തമർണ്ണന്നു കടം വസൂൽചെയ്യാവുന്നതാണ്. അവന്നു സ്വത്തില്ലെങ്കിൽ അവകാശികൾക്കു അവൻ കൊടുത്തിട്ടുള്ള സ്വത്തിൽനിന്നു കടം മടക്കിക്കൊടുക്കണം. അവകാശികളും അവരുടെപക്കൽ സ്വത്തും ഇല്ലാത്തപക്ഷം ഗവർമ്മെണ്ടാകുന്നു ആ കടം വീട്ടേണ്ടതു്. ഒരു കടക്കാരൻ കടം മടക്കിക്കൊടുക്കുമ്പോൾ ഏതെങ്കിലും കൂടുതൽ കൊടുക്കുന്നതു് ഇസ്ലാംമതം വിരോധിച്ചിട്ടില്ല. എന്നാൽ അതു മുൻകൂട്ടി കരാറുചെയ്യുന്നതു നിഷിദ്ധമാണ്. അങ്ങനെയായാൽ അതു പലിശയുടെ വകുപ്പിൽ ഉൾപ്പെടുന്നതായിരിക്കും. എന്നുമാത്രമല്ല, കൂടുതൽ മടക്കിക്കൊടുക്കേണമെന്നതു ഒരു ഐച്ഛികകാര്യമായിട്ടാണ് ഇസ്ലാം ഉപദേശിച്ചിട്ടുള്ളതു്. അതിനാൽ അങ്ങനെ ചെയ്യാൻ എല്ലാ കടക്കാരും എല്ലാ അവസ്ഥയിലും ബാദ്ധ്യസ്ഥരല്ല.

*പാപത്തിന്നുശേഷം

(കെ. ടി. അബ്ദുല്ല ബി. എ., എൽ. ററി.,)

അവൻ തന്റെ പത്നിയെ വിഷം കൊടുത്തു കൊല്ലുവാൻ തീരുമാനിച്ചു കഴിഞ്ഞു. അവന്റെ സുഖാസ്വാദനമാർഗ്ഗത്തിൽ അവൾ ഒരു തടസ്സമായിട്ടാണ് നിന്നിരുന്നത്. തന്മൂലം ഈ തടസ്സത്തെ നിഷ്കാസനം ചെയ്യാൻ ഒരു പൈശാചികവിചാരം അവനെ സദാ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. ഇപ്പോൾ അവൾ രോഗബാധിതയായി ശയ്യയെ അവലംബിച്ചിരിക്കയാണ്. അവിചാരിതമായി ലഭിച്ച ഈ സുവർണ്ണാവസരം എന്തിന് പാഴാക്കണം? തന്റെ ഇംഗിതം സാധിക്കുവാൻ ഇതുപോലെ വേറെ അവസരം ലഭിക്കുമോ? എന്നിങ്ങിനെ അന്തരംഗം അവനോടു വിളിച്ചുപറഞ്ഞു. സ്വപത്നിയെ ഈവിധം വധിക്കുന്നതിൽ വരാവുന്ന ഭവിഷ്യത്തുക്കളുടെ വിവിധവശങ്ങളെപ്പററി അവൻ പരിചിന്തനം ചെയ്തു.

തന്റെ അഭീഷ്ടം സാധിക്കുന്നതിന് വഴി കാണാതെ, ദീർഘകാലമായി വെമ്പുകയായിരുന്ന അവന്റെ തലച്ചോറ് താമസംകൂടാതെ ഒരു പദ്ധതി രൂപവൽകരിച്ച് അവന്റെ മുമ്പാകെ സമർപ്പിച്ചു.

അവളുടെ മുറിയുടെ കവാടം സദാ തുറന്നുകിടക്കുകയാണ്. രോഗിണിക്കു ശുദ്ധവായു ധാരാളം കിട്ടുവാൻ സൌകര്യമുണ്ടായിരിക്കണമെന്നു ഡോക്ടർമാർ നിർദ്ദേശിച്ചിട്ടുണ്ട്. രാത്രിസമയം യാതൊരൊച്ചപ്പാടും കൂടാതെ അവൻ ആ മുറിയിൽ പ്രവേശിക്കും. അവളാകട്ടെ മിക്കപ്പോഴും ബോധരഹിതയാണ്. ആവശ്യസമയത്ത് ദാഹശമനം വരുത്തുവാനായി ഒരു കൂജനിറയെ ശുദ്ധജലം അവളുടെ ശയ്യക്കടുത്തു സദാ ഉണ്ടായിരിക്കും. ഈ ജലത്തിൽ വർണ്ണരഹിതമായ ഒരു വിഷം കലർത്തുവാനത്രെ ആ ഭയങ്കരമനുഷ്യൻ തീരുമാനിച്ചത്!

ഈ വിഷയത്തിൽ തന്നെപ്പററി ആർക്കെങ്കിലും വല്ല സംശയവും ജനിച്ചേക്കുമോ? നിർദ്ദാക്ഷിണ്യമായ ഈ കൃത്യത്തിന്റെ രഹസ്യം പരസ്യമായേക്കുമോ? ഇത്യാദി നിരവധി വിചാരങ്ങൾ അവന്റെ ഹൃദയത്തിൽ ഓളംവെട്ടിക്കൊണ്ടിരുന്നു. കുറച്ചുനേരം ചിന്താമഗ്നനായി ഇരുന്നതിന്നുശേഷം അവൻ ഇങ്ങിനെ തന്നത്താൻ പറഞ്ഞു:—"ഇല്ല! ഇതിൽ ആർക്കും യാതൊരു എത്തുംപിടിയും കിട്ടുവാൻ അവകാശമില്ല!"

മന്ദബുദ്ധി എന്ന് പരക്കെ അറിയപ്പെട്ടിരുന്ന അവളുടെ മാതാവ് അടുത്തമുറിയിൽ ഉറങ്ങുകയാണ്. രോഗി ഉണർന്നു വെള്ളം ആവശ്യപ്പെട്ടാൽ തൽക്ഷണം ആ വൃദ്ധ വന്ന് മകൾക്കു വെള്ളംകൊടുക്കാതെ ഇരിക്കയില്ല. അതിൽ എന്തെങ്കിലും കലർന്നിട്ടുണ്ടോ എന്ന് അവർ ചിന്തിക്കുകയുമില്ല. ഈ ജലം പാനം ചെയ്തമാത്രയിൽ അവളുടെകഥ കഴിയുകയും ചെയ്യും!!

തന്റെ നിശ്ചിത പരിപാടിയനുസരിച്ച് വെള്ളത്തിൽ വിഷം കലർത്തിയതിന്നുശേഷം അവൻ സാവധാനത്തിൽ മുറിയിൽനിന്നു പുറത്തേക്കു നടന്നു. അത്യന്തം ശാന്തമായനിലയിൽ തന്റെ ഉദ്ദേശ്യം സാധിച്ചുകൊണ്ട് വാതില്ക്കൽ എത്തുന്നതുവരെ അവന്റെ ഹൃദയത്തെ ധൈര്യക്ഷയമോ വികാരപാരവശ്യമോ ബാധിച്ചില്ല. എന്നാൽ മുറിയിൽനിന്നു പുറത്തു കാലെടുത്തുവെച്ചതോടെ അവന്റെ ഹൃദയം ഝടുതിയായി അടിക്കുവാൻ തുടങ്ങി; തൊണ്ടവരണ്ടു. ആ രാക്ഷസകൃത്യത്തിന്റെ ശിക്ഷയായിട്ടോ എന്തോ അവന്റെ ധൈര്യവും സമാധാനവുമെല്ലാം ക്ഷണത്തിൽ പമ്പകടന്നു. ആകസ്മികമായ ഒരു ഭയപ്പാടും വിറയലും അവനെ ബാധിച്ചു. കോണിയിൽനിന്ന് താഴെ ഇറങ്ങുവാൻ ശ്രമിച്ചതോടെ അവന്റെ കാലുകൾ കുഴഞ്ഞു തമ്മിൽക്കൂട്ടി അടിക്കുവാൻ തുടങ്ങി. കോണി തിരിയുന്നതായും കെട്ടിടംപോലും ചക്രംചുററുന്നതായും അവന്നു തോന്നി. വല്ല ഭൂകമ്പവുമാണോ എന്നു അവൻ ഭയന്നു!

അവൻ ധൈര്യം അവലംബിക്കുവാൻ ശ്രമിച്ചു. പക്ഷെ അവന്നു പരാജയമത്രെ ഉണ്ടായത്. പാപത്തിന്റെ പാതാളത്തിലേക്കെന്നവണ്ണം അവൻ കോണിയുടെ ഉച്ചിയിൽനിന്ന് താഴോട്ട് ആപതിച്ചു!! വീഴ്ചയുടെ കോലാഹലം കേട്ട് നിദ്രയെ ഭജിക്കുകയായിരുന്ന അവന്റെ ശ്വശ്രു ഞെട്ടി ഉണർന്നു. അവർ ബദ്ധപ്പെട്ടുവന്ന് കോണിയുടെ സമീപമുണ്ടായിരുന്ന വിളക്കു കത്തിച്ചു. "ഹാ! എത്ര ദാരുണമായ കാഴ്ചയാണ് അവർ കണ്ടത്!" പരുന്തിന്റെ പിടിയിൽപെട്ട പ്രാവിനെപ്പോലെ തന്റെ ജാമാതാവ് അർദ്ധപ്രാണനായ നിലയിൽ കിടന്നു പിടയ്ക്കുന്നു!!

ആ കിഴവി വ്യാകുലതയോടുകൂടി താഴോട്ട് ഓടി ഇറങ്ങി, അവനെ വാരിയെടുത്തു. അവന്റെ ബോധം നിശ്ശേഷം നശിച്ചിരുന്നില്ല. "ദാഹം! വെള്ളം!" എന്നിങ്ങിനെ അവൻ ആക്രന്ദനംചെയ്തു. അവനെ ഭിത്തിയോടു ചാരി ഇരുത്തീട്ട് ആ സ്ത്രീ മുകളിലേക്കു ഓടിപ്പോയി, കൂജയിൽനിന്നു ഒരു ഗ്ലാസ്സ് വെള്ളം എടുത്തുകൊണ്ടുവന്ന് അവനെ കുടിപ്പിച്ചു.

വെള്ളം കുടിച്ചമാത്രയിൽ അവന്റെ കരൾ മുറിഞ്ഞുതുടങ്ങി! ലോകമെല്ലാം ചുററും കറങ്ങുന്നതായി അവന്നു തോന്നി! കിംകർത്തവ്യതാമൂഢയായ അവന്റെ ശ്വശ്രു അവനെ തുറിച്ചുനോക്കിക്കൊണ്ടു നിന്നു!!!

* ഉർദുവിൽ നിന്ന്.

വെൽവൃതാക!

(വിജയൻ.)

മർത്ത്യർതൻ മാനസപ്പൂവനത്തിൽ
നിസ്തുല സൌരഭം വീശിവീശി,
കാലത്തിൻ കാറ്റേറ്റങ്ങാടിനില്ക്കും-
മാശോകുസുമമേ, വെൽവൃതാക!
ജീവിതപ്പോരിൽ വ്രണിതരായി
വാടിത്തളർന്നുള്ള ചേവുകൾക്കും
താവക സൌരഭം ജീവൻ നൽകും,
മാന്ത്രിക ശക്തിയാലെന്നപോലെ.
ദൂരെ വിഹായസ്സിലെങ്ങോ നില്ക്കും
ദേവിയെ മോഹനമാക്കിത്തീർക്കും,
നീളെ ദുരിതത്തിൻ കൂരിരുട്ടി-
ലാനന്ദ ദീപത്തിൻ ശോഭ വീശും,
മാനവജീവിത സഞ്ജീവനി,
ആശേ, നീയെന്നെന്നും വെൽവൃതാക!

പെട്ടെന്നു വാച്ചു വളർന്നു പൊന്തും
കഷ്ടങ്ങളാം, തോൽമകളെന്നിവയെൻ
മുത്തണികണ്ഠത്തിൽ മൃത്യുമാല്യം
അർപ്പിക്കാൻ വന്നപ്പോഴും നീ തടഞ്ഞു.
പാവനാമൽത്തണയുന്നതാക്കി
ഞാനെന്റെ യാത്ര തുടർന്നുപോകെ,
കൈകാൽ തളർന്നു ഞാൻ പിന്തിരിക്കെ,
നീയോതി, "പോവുക, ലക്ഷ്യം നോക്കി!"
ആശേ, നീയെന്നുമെൻ ജീവിതത്തി-
ലാനന്ദ ജ്യോതിസ്സതല്ലം ദീപ്തി;
മാമക കല്യാണ വേദിയിങ്കൽ
സൌഭാഗ്യപ്പനിനീർ തളിക്കും ദേവി;
നീയെൻ ഹൃദയത്തിൻ സൌധം തന്നിൽ
നീണാളും വസിക്കുക, വെൽവൃതാക.

ബലക്ഷയവും
നിരുന്മേഷതയും
അടിച്ചുകറവുന്നു.

നിങ്ങൾ വാങ്ങുന്നത് കോഴിക്കോട്ട്, ഗവമ്മെണ്ട് ഓയൽ ഫാക്ടറിക്കാരാൽ ഉണ്ടാക്കപ്പെടുന്ന (മദിരാശി ഗവമ്മെണ്ട് ബ്രാണ്ട്) "ഷാർക്ക് ലിവർഓയൽ" തന്നെയല്ലേ എന്ന് സൂക്ഷിക്കുക.

SHARK
LIVER OIL
MADRAS GOVERNMENT BRAND MGB

GOVERNMENT OIL FACTORY, CALICUT.

ഏജൻറുമാർ:—മെസ്സേർസ്സ് പാരി & കമ്പനി ലിമിററഡ്, മദിരാശി.

പരേതനായ അമേരിക്കൻ പ്രസിഡണ്ട്

സി. നാരായണൻ, എം. എ; എൽ ടി.

അനന്യസാധാരണമായ മനോപാടവംകൊണ്ടും അതുല്യമായ നയവൈദഗ്ദ്ധ്യംകൊണ്ടും കാലാനുകൂലമായ കർത്തവ്യജ്ഞാനംകൊണ്ടും ഇക്കഴിഞ്ഞ ഒരു വ്യാഴവട്ടക്കാലത്തിൽ സാർവ്വദേശീയമായ ശ്രദ്ധയെ ആകർഷിച്ച ഒരു മഹാവ്യക്തിയാണ് ഈയിടെ അമേരിക്കൻ പ്രസിഡണ്ട്പദത്തിൽനിന്നും ലോകചരിത്രത്തിന്റെ ഏടുകളിലേക്ക് അപ്രതീക്ഷിതമാംവിധം തിരോധാനംചെയ്ത ഫ്രാങ്ക്ലിൻ റൂസ്‌വെൽട്ട്. സാമ്പത്തികാധഃപതനച്ചുഴിയിൽപെട്ട് രാഷ്ട്രമാകെ നട്ടംതിരിയുന്ന ഒരു കാലഘട്ടത്തിലാണ് റൂസ്‌വെൽട്ട് പ്രസിഡണ്ടായത്. തന്റെ ചിന്താപൂർവ്വമായ പ്രവൃത്തിപദ്ധതികൊണ്ട് രാഷ്ട്രത്തിന്റെ സാമ്പത്തികസ്ഥിതി അടിയുറപ്പിച്ചു കഴിഞ്ഞപ്പോഴേക്കും, തന്റെ മനോസാമർത്ഥ്യത്തെ വെല്ലുവിളിക്കുംവിധം സാർവ്വലൗകികപ്രശ്നങ്ങൾ വിഷമാൽവിഷമതരമായിത്തീരുകയും, അമേരിക്കൻ ഐക്യരാജ്യത്തിനു അതിൽനിന്നു വിട്ടുനില്ക്കുവാൻ സാധിക്കാത്ത ഒരു പരിതസ്ഥിതി ഉളവാകുകയും ചെയ്തു. ഈ വിഷമസന്ധിയിൽ, അമേരിക്കൻജനതയുടെ നിഷ്പക്ഷതാനയത്തിന്റെ പ്രഖ്യാപിത പ്രമാണമായ "മൺറോഡോക്ട്രിൻ", അതിന്റെ സന്താനമായ നിഷ്പക്ഷതാനിയമം (Neutrality Act) എന്നിവയാൽ നിർമ്മിതമായ പ്രതിബന്ധങ്ങളെ തട്ടിനീക്കി, പ്രജായത്തരാഷ്ട്രങ്ങളുടെ രക്ഷക്കുവേണ്ടി, സാർവ്വദേശീയമായ ക്ഷേമത്തിനുവേണ്ടി, അമേരിക്കയെ ഇന്നത്തെ ലോകമഹായുദ്ധത്തിലേക്ക് ആനയിക്കുകയെന്ന അനിതരസാധാരണമായ ധീരകൃത്യമാണ് പ്രസിഡണ്ട് റൂസ്‌വെൽട്ട് നിർവ്വഹിച്ചത്.

ജനനവും ബാല്യവും

1882 ജനുവരി 30-ാംനു-യാണ് ഫ്രാങ്ക്ലിൻ റൂസ്‌വെൽട്ട് ന്യൂയോർക്കിലെ ഹൈഡ്പാർക്കിൽ ജാതനായത്. ബിരുദധാരിയായി പുറത്തുവന്നതു ഹാർവ്വാഡ് യൂനിവേഴ്സിറ്റിയിൽനിന്നായിരുന്നു. പിന്നീട് അദ്ദേഹം കൊളമ്പിയാ സർവ്വകലാശാലയിൽവെച്ചു നിയമപഠനം കഴിച്ചു. 1907-ൽ ഒരഭിഭാഷകനായി ന്യൂയോർക്കിൽ പ്രാക്ടീസാരംഭിച്ചു.

ഒരു ധനികനായ ജന്മിയും വ്യാപാരിയുമായിരുന്നു ഫ്രാങ്ക്ലിന്റെ പിതാവായ ജെയിംസ് റൂസ്‌വെൽട്ട്. അമ്മ ന്യൂയോർക്കിലെ ഒരു കപ്പൽവ്യാപാരിയുടെ മകളായ "സാറാ ഡെലീനോ" ആയിരുന്നു. അമ്മയുടെ വംശപാരമ്പര്യം റൂസ്‌വെൽട്ടിന്ന് അധികമായി സ്ഫുരിച്ചിരുന്നു. കടൽയാത്രയിൽ ചെറുപ്രായത്തിൽതന്നെ അത്യധികമായ താല്പര്യം ഫ്രാങ്ക്ലിൻ പ്രദർശിപ്പിച്ചിരുന്നു. മൂന്നാമത്തെ വയസ്സിൽതന്നെ യൂറോപ്പ് പര്യടനം കഴിച്ചിരുന്നു. ജർമ്മൻ, ഫ്രഞ്ച് എന്നീ ഭാഷകളും വാഗ്മിത്വത്തോടെ സംസാരിക്കുവാനുള്ള കഴിവ് അദ്ദേഹം സമ്പാദിച്ചിരുന്നു. റൂസ്‌വെൽട്ട് വിവാഹം കഴിച്ചതു തന്റെ 23-ാമത്തെ വയസ്സിലാണ്. അദ്ദേഹത്തിന്റെ പത്നി "ആനി എലിനർ റൂസ്‌വെൽട്ട്" മുമ്പത്തെ ഒരു പ്രസിഡണ്ടായ "തിയൊഡോർ റൂസ്‌വെൽട്ടി"ന്റെ മരുമകളാണ്. ഇവർക്ക് 4 പുത്രന്മാരും ഒരു പുത്രിയും ആണുള്ളത്. പുത്രന്മാരെല്ലാവരും ഓരോ സൈനികവകുപ്പിൽ ജോലി ചെയ്തുവരികയാണ്. പുത്രിയും ഒരു പട്ടാള ഉദ്യോഗസ്ഥന്റെ ഭാര്യയാണ്.

രാഷ്ട്രീയരംഗത്തിൽ

1910-ൽ ആണ് റൂസ്‌വെൽട്ട് രാഷ്ട്രീയരംഗത്തിൽ പ്രവേശിച്ചത്. അക്കൊല്ലം ഡെമോക്രാറ്റിക്ക് കക്ഷിയുടെ സ്ഥാനാർത്ഥിയെന്ന നിലയിൽ അദ്ദേഹം സെനറ്റിലെ അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. രണ്ടു കൊല്ലംകഴിഞ്ഞപ്പോഴും പ്രസിഡണ്ടിന്റെ തിരഞ്ഞെടുപ്പുവന്നു. ഡെമോക്രാറ്റിക്ക് കക്ഷിയെക്കൊണ്ടു "വുഡ്റോ വിൽസ"നെ സ്ഥാനാർത്ഥിയായി നോമിനേറ്റ് ചെയ്യിക്കുവാൻവേണ്ടി റൂസ്‌വെൽട്ട് അത്യുത്സാഹംചെയ്തു. ഈ കാര്യത്തിൽ പ്രബലമായ എതിർപ്പുണ്ടായിരുന്നു. പക്ഷെ റൂസ്‌വെൽട്ട് കാര്യം സാധിച്ചു. വിൽസൺ നോമിനേറ്റ് ചെയ്യപ്പെട്ടു. തിരഞ്ഞെടുപ്പിലും അദ്ദേഹം വിജയിയായി. തന്റെ സഹായിയെന്ന നിലയിൽ വിൽസൺ 1913-ൽ റൂസ്‌വെൽട്ടിനെ നാവികകാര്യ അസിസ്റ്റൻറ് സെക്രട്ടറിയായി നിശ്ചയിച്ചു. നാളതുവരെ ആ പദവി ലഭിച്ചവരിൽ ഏറ്റവും ചെറുപ്പക്കാരനായിരുന്നു റൂസ്‌വെൽട്ട്. പ്രാപ്തിഹീനമായി കിടന്നിരുന്ന നാവികസേനയിൽ അദ്ദേഹം ആശാവഹങ്ങളായ പരിവർത്തനങ്ങൾ ഉളവാക്കി. റൂസ്‌വെൽട്ടിന്റെ നിയന്ത്രണത്തിലാണ് കഴിഞ്ഞ ലോകമഹായുദ്ധകാലത്തു അമേരിക്കൻ നാവികസേന പ്രവർത്തിച്ചത്. 1920 ആയപ്പോഴേക്കും റൂസ്‌വെൽട്ട് ഒരു ദേശീയനേതാവായിക്കഴിഞ്ഞിരുന്നു. അക്കൊല്ലം ഡെമോക്രാറ്റിക്ക് കക്ഷി അദ്ദേഹത്തെ വൈസ്പ്രസിഡണ്ട് സ്ഥാനാർത്ഥിയായി നിർത്തി. പക്ഷെ തിരഞ്ഞെടുപ്പിൽ പരാജിതനാവുക

യാണ് ചെയ്തത്. അതോടുകൂടി അദ്ദേഹം തല്ക്കാലം രാഷ്ട്രീയരംഗത്തിൽനിന്ന പിന്മാറി. (ഇക്കാലത്താണ് അദ്ദേഹത്തിന പക്ഷവാതം ബാധിച്ചതും, ജോർജ്ജിയയിലെ വാംസ്പ്രിങ്ങിലെ ജലചികിത്സകൊണ്ട ആരോഗ്യം വീണ്ടെടുത്തതും.)

ഗവണ്ണർ സ്ഥാനം

പക്ഷെ റൂസ്‌വെൽട്ട് അധികകാലം സ്വകാര്യജീവിതം നയിച്ചില്ല. 1924-ൽ അദ്ദേഹം വീണ്ടും പൊതുകാര്യവേദിയിൽ പ്രവേശിച്ചു. അന്ന ന്യൂയോർക്കിലെ ഡെമോക്രാററിക് കൺവെൻഷനിൽ ഹാജരായി തന്റെ സുഹൃത്തായ ആൽഫ്രഡ് സ്മിത്തിന്റെ സ്ഥാനാർത്ഥിത്വത്തിനുവേണ്ടി വാദിക്കുകയുണ്ടായി.

1929 റൂസ്‌വെൽട്ടിന്റെ പൌരജീവിതത്തിലെ പ്രധാനമായ ഘട്ടത്തെ കുറിക്കുന്ന ഒരു കൊല്ലമാണ്. അക്കൊല്ലമാണ് അദ്ദേഹം ഒന്നാമതായ ഒരു ഭരണകർത്താവായത്. ന്യൂയോർക്ക് സ്റ്റേറ്റിലെ ഗവർണ്ണരായി റൂസ്‌വെൽട്ട് തിരഞ്ഞെടുക്കപ്പെട്ടു. ഈ പദവി ഉന്നതിയിലേക്കുള്ള ഒരു ചവിട്ടുകല്ലായിരുന്നു. ഭരണവൈദഗ്ദ്ധ്യത്താൽ റൂസ്‌വെൽട്ടിന്റെ പേരും പെരുമയും പരന്നു.

പ്രസിഡെണ്ട് സ്ഥാനം

1932-ൽ ഡെമോക്രാററിക് കക്ഷി റൂസ്‌വെൽട്ടിനെ പ്രസിഡെണ്ട് സ്ഥാനാർത്ഥിയായി നിർത്തി. പ്രസിഡെണ്ട് ഹൂവരെ പരാജയപ്പെടുത്തി അദ്ദേഹം തിരഞ്ഞെടുപ്പിൽ വിജയിയായി.

റൂസ്‌വെൽട്ട് ഭരണകാര്യം കയ്യേററപ്പോൾ ഐക്യരാജ്യം സാമ്പത്തികാധഃപതനത്തിൽ ചൈതന്യഹീനമായി കിടക്കുകയായിരുന്നു. വ്യവസായങ്ങൾ തകരുന്നതും ബാങ്കുകൾ പൊളിയുന്നതും റൂസ്‌വെൽട്ടിന്ന് അഭിമുഖീകരിക്കേണ്ടിവന്നു. തൊഴിലില്ലായ്മ ക്രമാതീതമായി വർദ്ധിച്ചുവരുകയുമുണ്ടായിരുന്നു. ഈ സ്ഥിതിയിൽ അദ്ദേഹം പ്രഖ്യാതമായ "ന്യൂഡീൽ" എന്ന തന്റെ സാമ്പത്തികപദ്ധതി ആസൂത്രണംചെയ്തു. വ്യവസായങ്ങളെ ധനസഹായം ചെയ്തുപരിരക്ഷിച്ച്

ജാപ്പാൻകാരെ ഒടുക്കേണ്ടതിന്ന് സഖ്യസേന
ഒരു ദിവസം ഒരു ഡിവിഷൻ എന്ന തോതിൽ
പശ്ചിമരംഗങ്ങളിൽ നിന്ന്
പൌരസ്ത്യരംഗങ്ങളിലേക്ക്
നീങ്ങുകയാണെന്ന് റേഡിയോപ്രസ്താവിക്കുന്നു.
ഭടജനങ്ങളുടെ സുഖക്ഷേമത്തിന്ന് ഇതുകാരണം
കൂടുതൽ സഹായമാവശ്യമായിരിക്കുന്നുവെന്ന
✻ ഓർമ്മിക്കുക ✻
ഗവർണ്ണരുടെ യുദ്ധഫണ്ടി
ലേക്കുള്ള നിങ്ങളുടെ
★ സംഭാവന ★
"ഭടന്മാരുടെ സുഖക്ഷേമത്തിന്ന"
എന്ന ഇനത്തിലായിരിക്കട്ടെ.

ബാങ്കുകൾക്ക് "മൊറട്ടോറിയം" പ്രഖ്യാപിച്ച് രക്ഷ നൽകി. പൊതുമരാമത്തു പ്രവൃത്തികളാരംഭിച്ചു. തൊഴിലില്ലായ്മക്കു പരിഹാരമുളവാക്കി. ഒരു വമ്പിച്ച നാവിക—വിമാനനിർമ്മാണ പരിപാടി ഇക്കാലത്താണ് ആരംഭിച്ചതു്. നാവികപരിപാടിക്കു തന്നെ 237,000,000 ഡോളർ ചിലവഴിച്ചിരുന്നു. ഇപ്രകാരം നാനാവിധമായ പ്രവൃത്തികളാൽ റൂസ്‌വെൽട്ട് ഐക്യരാജ്യത്തിന്റെ സാമ്പത്തികപുനരുദ്ധാരണം സാധിച്ചു. ഇതിൽ അമേരിക്കൻ കച്ചവടവ്യവസായികളുടെ ശക്തിമത്തായ എതിർപ്പിനെ അദ്ദേഹത്തിനു അഭിമുഖീകരിക്കേണ്ടിവന്നിരുന്നു.

രണ്ടാമത്തും പ്രസിഡണ്ട്

തങ്ങൾ റൂസ്‌വെൽട്ടിൽ അർപ്പിച്ച വിശ്വാസം വൃഥാവിലായിട്ടില്ലെന്നു അമേരിക്കൻ ജനതക്കു ബോദ്ധ്യപ്പെട്ടു. 1936-ൽ അവർ അദ്ദേഹത്തെ വീണ്ടും പ്രസിഡണ്ടായി തിരഞ്ഞെടുത്തു. ഇക്കാലത്താണ് റൂസ്‌വെൽട്ട് തെക്കെ അമേരിക്ക സന്ദർശിച്ചു, അമേരിക്കൻ സൗഹാർദ്ദയൂനിയന്റെ (Pan American Union) ഭാവിനയപ്രവർത്തനത്തിനു നല്ല അടിത്തറയിട്ടതു്. അപ്പോഴേക്കും സർവ്വരാജ്യസ്ഥിതി കൂടുതൽ വിഷമമായിക്കൊണ്ടു വരികയായിരുന്നു. 1939 ഏപ്രിൽമാസം യുദ്ധമല്ലാതെകഴിക്കുവാൻവേണ്ടി റൂസ്‌വെൽട്ട് ഹിറ്റ്‌ലർക്കും മുസ്സോലിനിക്കും ഓരോ സന്ദേശമയച്ചു. പക്ഷെ ഫലമുണ്ടായില്ല. സപ്തംബറിൽ ഹിറ്റ്‌ലർ യുദ്ധമാരംഭിച്ചു. അപ്പോൾ പ്രസിഡണ്ട് റൂസ്‌വെൽട്ട് രാജ്യത്തിന്റെ രക്ഷക്കുവേണ്ടിയുള്ള ഗംഭീരമായ ഏർപ്പാടുകൾ ആരംഭിച്ചു. പിന്നീടു തുടങ്ങിയ വൻതോതിലുള്ള കപ്പൽനിർമ്മാണവും വിമാനനിർമ്മാണവും ലോകചരിത്രത്തിൽ അത്ഭുതപൂർവ്വമായ സംഭവങ്ങളാണ്. "യുദ്ധത്തിൽ പങ്കുകൊള്ളുക എന്നതൊഴിച്ചു" മറ്റെല്ലാസഹായങ്ങളും റൂസ്‌വെൽട്ട് ബ്രിട്ടന്നു വാഗ്ദാനംചെയ്തു. പ്രസിഡണ്ട് അന്യരാജ്യകാര്യങ്ങളിൽ അനാവശ്യമായി ഇടപെടുന്നു എന്നുള്ള ആവലാതി അപ്പോഴേക്കും "മൺറോ പ്രമാണം" വിശ്വാസികളുടെ ഇടയിൽ മുഴങ്ങിത്തുടങ്ങിയിരുന്നു. പക്ഷെ രാജ്യത്തിനും ലോകത്തിനും വരുവാൻപോകുന്ന വിപത്തിനെ ദീർഘദർശനംചെയ്വാൻ പ്രസിഡണ്ടിനു സാധിച്ചിരുന്നു.

മൂന്നാമത്തും പ്രസിഡണ്ട്

1940-ൽ വീണ്ടും തിരഞ്ഞെടുപ്പു വന്നപ്പോൾ അമേരിക്കൻഡ്രിപക്ഷം റൂസ്‌വെൽട്ടിനെത്തന്നെ അനുകൂലിച്ചു. എതിർസ്ഥാനാർത്ഥിയായ വെൻഡൽവില്ക്കി പരാജിതനായി. അന്നാണ് അമേരിക്കൻ ചരിത്രത്തിൽ ഇദംപ്രഥമമായി ഒരു പ്രസിഡണ്ട് മൂന്നാമത്തെത്തവണ തിരഞ്ഞെടുക്കപ്പെട്ടതു്.

ഈ ഘട്ടമായപ്പോഴേക്കും യുദ്ധം ഭയങ്കരത്വം പ്രാപിച്ചുകഴിഞ്ഞിരുന്നു. സഖ്യകക്ഷികൾക്ക് വമ്പിച്ചതോതിൽ ആയുധസാമഗ്രികൾ കടം കൊടുക്കുവാനുള്ള വ്യവസ്ഥ റൂസ്‌വെൽട്ട് തയ്യാറാക്കി. നിഷ്പക്ഷതാനയത്തിൽ വിശ്വസിച്ചിരുന്ന ഒരു ജനതയെക്കൊണ്ടു അതു സ്വീകരിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. 1941 മാർച്ചിൽ കടംവായ്പബില്ല് നിയമമായി. യുദ്ധത്തെ സംബന്ധിച്ചേടത്തോളം അതിപ്രധാനമായ ഒരു സംഭവമാണിതു്. ഇതുനിമിത്തം അമേരിക്കൻ ഐക്യരാജ്യത്തിന്റെ അപരിമിതമായ വിഭവങ്ങൾ സഖ്യശക്തികൾക്ക് ലഭിക്കുവാനിടയായി. ഏതാനും ചില മാസങ്ങൾക്കുശേഷം (ആഗസ്റ്റിൽ) ചർച്ചിലുമായി അത്‌ലാന്തിക്കിൽ കൂടിച്ചേർന്ന് സുപ്രസിദ്ധമായ "അത്‌ലാന്തിക് ചാർട്ടർ" പ്രഖ്യാപനംചെയ്തു. സമാധാനം സ്ഥാപിക്കുവാൻ തന്റെ സ്വാധീനശക്തി ഉപയോഗപ്പെടുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഡിസമ്പർ 6-ാംനു റൂസ്‌വെൽട്ട് ജപ്പാൻ ചക്രവർത്തിക്ക് ഒരു സന്ദേശമയച്ചു. പക്ഷെ, പിറ്റേദിവസംതന്നെ, ഒരു ഒത്തുതീർപ്പിനുവേണ്ടിയാണെന്ന നാട്യത്തിൽ ജപ്പാൻ പ്രതിനിധികൾ റൂസ്‌വെൽട്ടുമായി കൂടിയാലോചനകൾ നടത്തിക്കൊണ്ടിരിക്കെ, മുന്നറിയിപ്പില്ലാതെ ജപ്പാൻ നാവികസേന പേൾഹാർബർ ആക്രമിച്ചുവെന്ന അനിഷ്ടവാർത്ത കേൾക്കുവാനുള്ള നിർഭാഗ്യതയാണ് അദ്ദേഹത്തിനുണ്ടായതു്. റൂസ്‌വെൽട്ട് ഉടൻതന്നെ യുദ്ധപ്രഖ്യാപനം ചെയ്തു. നിയമപ്രകാരം അദ്ദേഹം സർവ്വസൈന്യാധിപനായി സമരനേതൃത്വം വഹിച്ചു. പൂർവ്വപ്രദേശങ്ങളിലും യൂറോപ്യൻ രംഗങ്ങളിലും ശത്രുക്കളോടു പടവെട്ടുവാൻ അമേരിക്കൻ

സൈന്യങ്ങളെ അയച്ചു. ഇന്നും അവർ സമരം ചെയ്തുകൊണ്ടിരിക്കയാണ്.

റൂസ്‌വെൽട്ട് എത്ര ഊർജ്ജസ്വലതയോടെയാണ് യുദ്ധകാര്യങ്ങൾ നിർവ്വഹിച്ചതെന്നതിനു അദ്ദേഹം ചർച്ചിലും മററു വിദേശകക്ഷികളുടെ പ്രതിനിധികളുമായി പലേടങ്ങളിലുംവെച്ചു നടത്തിയ കൂടിയാലോചനകളും സമ്മേളനങ്ങളും ഉത്തമോദാഹരണങ്ങളാണ്.

നാലാമത്തും പ്രസിഡെണ്ട്

സഖ്യസൈന്യങ്ങൾ യൂറോപ്യൻ യുദ്ധത്തിന്റെ അവസാനഘട്ടം കത്തിക്കറിക്കുന്ന അവസരത്തിലാണ് അമേരിക്കൻ ജനത കഴിഞ്ഞ നവമ്പറിൽ റൂസ്‌വെൽട്ടിനെ നാലാമതും പ്രസിഡെണ്ടായി തിരഞ്ഞെടുത്തു അമേരിക്കൻ ചരിത്രത്തിൽ നാളിതുവരെ മറെറാരു പ്രസിഡണ്ടിനും കൊടുക്കാത്ത ബഹുമതി അദ്ദേഹത്തിനു നൽകിയതു്. രാജ്യത്തെ സമരാങ്കണത്തിലേക്ക് നയിച്ച പ്രസിഡെണ്ടിന്റെ നേതൃത്വത്തിൽതന്നെ വിജയപതാക പറപ്പിക്കേണമെന്നു അവർ തീരുമാനിച്ചു. പക്ഷെ ഈ ആഗ്രഹനിവൃത്തിക്ക് വിധിപ്രതികൂലമായിത്തീർന്നു. ഏപ്രിൽ 12-ാംനു- ജോർജ്ജിയയിലെ വാംസ്പ്രിങ്ങിലുള്ള സ്വന്തം വസതിയിൽവെച്ച്-തനിക്കു 24 കൊല്ലം മുമ്പ് ബാധിച്ച പക്ഷവാതരോഗത്തിന്നു ജലചികിത്സമൂലം രക്ഷലഭിച്ചതും തൽസ്മാരകമായി താൻ ഒരു വലിയ ധർമ്മചികിത്സാസ്ഥാപനം ഏർപ്പെടുത്തിയതുമായ അതേസ്ഥലത്തുവെച്ച്— അദ്ദേഹം പെട്ടന്നു സെറിബ്രൽഹെമറേജ് നിമിത്തം അന്തരിച്ചുപോയി.

യുദ്ധം വിജയകരമായ ഒരു പര്യവസാനത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുമ്പോഴാണ് പെട്ടന്നു റൂസ്‌വെൽട്ടിനു ജീവാപായം നേരിട്ടതു്. സർവ്വരാഷ്ട്ര പുനഃസ്സംഘടനയെപ്പററി പര്യാലോചിക്കുവാനായി പ്രജായത്തരാഷ്ട്രങ്ങളെ വിളിച്ചുകൂട്ടുവാൻ തീരുമാനിച്ച സാൻഫ്രാൻസിസ്കോ സമ്മേളനത്തിൽ തനിക്കുണ്ടായിരുന്ന അതിപ്രധാനമായ പങ്ക് അദ്ദേഹത്തിനു നിർവ്വഹിക്കുവാൻ സാധിച്ചില്ല. എങ്കിലും വിജയസൂര്യന്റെ പ്രഥമകിരണകന്ദളങ്ങൾ കണ്ടാഹ്ലാദിച്ചുകൊണ്ട് പരലോകം പ്രാപിക്കുവാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായി. അദ്ദേഹത്തിന്റെ ചരമത്തിൽ ലോകത്തിന്നൊരുമഹാനും അമേരിക്കക്ക് ഏററവും കീർത്തിമാനായ ഒരു പ്രസിഡണ്ടും നഷ്ടപ്പെട്ടു. റൂസ്‌വെൽട്ട് പ്രസിഡെണ്ടായി ജീവിച്ചു; പ്രസിഡെണ്ടായിത്തന്നെ മരിച്ചു.

മഹത്തായ ഒരു പ്രജായത്തരാഷ്ട്രത്തിന്റെ ചരിത്രത്തിൽ മഹനീയമായ ഒരദ്ധ്യായം സൃഷ്ടിച്ചുവെച്ചിട്ടാണ് റൂസ്‌വെൽട്ട് ഇഹലോകവാസം വെടിഞ്ഞതു്. ആ അപൂർണ്ണമായ അദ്ധ്യായം അതേതോതിൽ പൂർത്തിയാക്കുവാനുള്ള ചുമതല പുതിയപ്രസിഡെണ്ടായ ഹാരിട്രൂമാനിലാണ് അർപ്പിക്കപ്പെട്ടിരിക്കുന്നതു്. ആ കൃത്യം ഇടർച്ചയില്ലാതെ നിർവ്വഹിക്കുവാൻ താൻ ശ്രമിക്കുന്നതാണെന്നു് അദ്ദേഹം ലോകസമക്ഷം പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു.

Visit 'BADSHASTORES' Calicut.

THE BEST SHOPPING CENTRE ON WEST COAST

For almost anything & everything up-to-date in PIECE GOODS and FANCY ARTICLES.

Prices Defy competition.

കോഴിക്കോട്

'ബാദ്ഷാസ്റ്റോർസ്സിൽ'

എല്ലാതരം തുണിച്ചരക്കുകളും മററു സാധനങ്ങളും വളരെ ആദായത്തിൽ കിട്ടുന്നതാണ്.

S. H. BADSHA SAHEB & CO.,
HUZUR ROAD,
CALICUT.

ആധുനിക പ്രേതലോകം

(ലോകാവലോകി)

മനുഷ്യസമുദായത്തിന്റെ ആവിർഭാവം മുതല്ക്കു പ്രേതലോകത്തെപ്പററി ഉണ്ടായിട്ടുള്ള ഊഹാപോഹങ്ങൾക്ക് ഇനിയും അറുതിവന്നിട്ടില്ല. സുപ്രസിദ്ധ ശാസ്ത്രജ്ഞനായ ഒലിവർ ലോഡ്ജ് പ്രേതങ്ങളുമായുള്ള വാർത്താവിനിമയത്തെപ്പററി അത്ഭുതകരങ്ങളായ ചില അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിരുന്നു. അസാധാരണ സംഭവങ്ങളെപ്പററിയുള്ള വിവരങ്ങൾ ശേഖരിക്കുവാൻ ഇംഗ്ലണ്ടിൽ സ്ഥാപിതമായിട്ടുള്ള ഒരു സംഘത്തിനു (Society for the Recording of Abnormal Happenings) പ്രേതങ്ങളെപ്പററി ചില പുതിയ വിവരങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നതായി "ടിററ്—ബിററ്സ്" എന്ന പത്രം പ്രസ്താവിക്കുന്നു. അതിൽ ചില വിവരങ്ങളാണ് താഴെ ചേർക്കുന്നത്.

സ്കോട്ട്ലണ്ടിൽ സ്റ്റർലിങ്ങ്ഷയറിൽ കിൽസിത്തിനടുത്തു ഒരു പഴയ ഭവനത്തിൽ ഒരു "പ്രേതമുറി" ഉണ്ട്. ഒരു ദിവസം അതിൽ താമസിച്ചുവന്ന ഒരു സ്ത്രീ ആ മുറിയിൽ ഉറങ്ങി. ഉറക്കം ഞെട്ടിയപ്പോൾ സൌന്ദര്യവതിയായ ഒരു സ്ത്രീ ഒരു നായയോടുംകൂടി മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതാണ് കണ്ടത്.

ദക്ഷിണ എഡിൻബറോവിൽ താമസിക്കുന്ന രണ്ടു സഹോദരികൾ എഴുതിയതിപ്രകാരമാണ്: അവരുടെ ഉററബന്ധുവായ ഒരാൾ ആസ്പത്രിയിൽ ഉണ്ടായിരുന്നു. അയാളുടെ മരണസമയത്തു അവർ രണ്ടുപേരിൽ ഒരാൾ ഉടുപ്പുമേശയുടെ അടുത്തും, മററവൾ ശയനമുറിയിൽ തണുപ്പു മാററാൻവെച്ച തീയുടെ അരികിലും ആയിരുന്നു. പെട്ടെന്ന് ഒരു രൂപം തുറന്നുവെച്ച വാതിലിൽക്കൂടി മുറിയിൽ കടന്നു ആദ്യം പറഞ്ഞ സഹോദരിയുടെ അരികെ ചെല്ലുകയും, പിന്നീടു രണ്ടാമത്തവളുടെ അടുക്കൽ പോവുകയും തൽക്ഷണം തിരോധാനം ചെയ്യുകയും ചെയ്തു

ക്ലാക്ക്മാൻഷയറിൽ കിൽസിത്ത് പ്രദേശത്തു ഒരു പഴയ പ്രാസാദത്തിൽ കഴിഞ്ഞ 80-ാം ശതകത്തിന്റെ അന്ത്യകാലത്തു താമസിച്ചിരുന്ന ഒരു മഹിള അവിടെനടന്ന സംഭവങ്ങൾ വിവരിക്കുന്നതിപ്രകാരമാണ്: ആ മാളികഭവനത്തിന്റെ മുകളിൽ ചില കാലങ്ങളിൽ ഒരസാധാരണസംഭവം നടക്കാറുണ്ടായിരുന്നു. ഒരു ശയനഗൃഹത്തിലേക്കുള്ള കൽപ്പടികൾ ചവിട്ടിക്കയറി വാതിൽ തുറക്കുന്ന ഒരൊച്ച; പിന്നീട് ആ മുറിയിൽ കട്ടിലിന്റെ നാലുഭാഗത്തും നടക്കുന്നതായ ഒരു കാൽപ്പെരുമാററം; അനന്തരം അടുത്തുള്ള അറമായിൽനിന്നു കടലാസ്സുകൾ വലിച്ചിടുന്ന ഒരു ശബ്ദം; പിന്നീടു കൽപ്പടിവഴി മടങ്ങിപ്പോകുന്ന കാലൊച്ചയും വഴിക്കു ഒരു ജനൽ ശക്തിയോടുകൂടി തുറക്കുന്ന ശബ്ദവും. ഇങ്ങനെ പതിവായി ചിലപ്പോൾ കേൾക്കാറുണ്ടായിരുന്നു. സംഭവം എപ്പോഴും ഒരേ രീതിയിലായിരുന്നു. എന്നാൽ ചില കാലങ്ങളിൽ യാതൊന്നും ഉണ്ടാകാറില്ല. ഒരു പ്രാവശ്യം രാത്രി അവിടത്തെ വേലക്കാരി ആ മുറിയിലിരുന്നു ബൈബിൾ ഉറക്കെ വായിച്ചുകൊണ്ടിരിക്കുമ്പോൾ ഇപ്രകാരം കാൽപ്പെരുമാററം കേൾക്കുകയുണ്ടായിട്ടുണ്ട്. ചിലപ്പോൾ പകൽസമയത്തും അതിനടുത്തുള്ള ഉടുപ്പുമുറിയിൽനിന്നും അലക്കുപാത്രങ്ങളൊക്കെ തള്ളിയിടുന്നതുപോലുള്ള ഒച്ചയും കേൾക്കാറുണ്ടായിരുന്നു.

കനഡയിൽനിന്നു 68 വയസ്സായ മാനിട്ടോബാ നിവാസിയായ മി. റോബർട്ട് ഹിസ്‌ലോപ്പ് ഇപ്രകാരമെഴുതിയിരിക്കുന്നു: 40 കൊല്ലംമുമ്പ് അദ്ദേഹം യോർക്ക്ഷയറിലെ "ലെബേൺ" എന്ന സ്ഥലത്തുള്ള ബാർക്ക്‌ലീസ് ബാങ്കിൽ ജോലിചെയ്തുവന്നിരുന്നു. താമസം അടുത്ത ബെല്ലർബി എന്ന ഗ്രാമത്തിലായിരുന്നു. ഒരു ദിവസം ആപ്പീസ് വിട്ടുപോകുവാൻ $10\frac{1}{2}$ മണിയായി. ചന്ദ്രികയുള്ള രാത്രിയായിരുന്നു. അയാൾ ബദ്ധപ്പെട്ടു നടന്നുപോവുകയായിരുന്നു. പെട്ടെന്നു ചുററുപാടും ഒരു ചുഴലിക്കാററു പുറപ്പെട്ടതുപോലെ അയാൾക്കു തോന്നി. തൽക്ഷണം ഒരു പ്രേതരൂപം മുമ്പിൽ പ്രത്യക്ഷമായി. തൊടുവാൻ കഴിയുന്നവിധം അത്ര അടുത്താണ് നിന്നത്. കണ്ണുകൾ തീക്കനൽപോലെ കാണപ്പെട്ടു. എന്തോ ഒരു മുന്നറിവ് കൊടുക്കുന്നതുപോലെ അയാൾക്കു തോന്നി. ഏകദേശം രണ്ടു മിനിട്ടു കഴിഞ്ഞപ്പോഴേക്കും ക്രമേണ ആ രൂപം അദൃശ്യമായി. ഒരു മൃതദേഹത്തിന്റെ അസുഖകരമായ ദുർഗ്ഗന്ധം മാത്രം അവശേഷിച്ചു. ആദ്യം യാതൊരു ഭയവും തോന്നാതിരുന്ന മി. ഹിസ്‌ലോപ്പിനു ആ രൂപം അപ്രത്യക്ഷമായപ്പോഴേക്കും ഒരു കിടിലംവിറ തന്നെ ഉണ്ടായിപ്പോയി. തനിക്കു പരിചയമുള്ള രോഗിയായ റോബർട്ട് ഡേവിഡ്സന്റെ രൂപമാണതെന്നു അയാൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിരുന്നു. ഗ്രാമത്തിലെത്തിയപ്പോൾ താൻ ആ രൂപം കണ്ട അതേ നിമിഷത്തിൽ ഡേവിഡ്സൺ നിര്യാതനായിരിക്കുന്നുവെന്ന് അയാൾക്കറിവാനിടയായി.

വർഷാഗമത്തിൽ

സി. നാരായണൻ, എം. എ; എൽ. ടി.

(ഓമനക്കുട്ടൻ....രീതി)

മാമകാശതന്നോമനലത
പൂ വഹിച്ച വിഭാതമേ!
മാമകതപ മോഹനഫല-
മേന്തിവന്ന സുദിനമേ!
താവകദർശലബ്ധിയാലിവൻ
ഭാവുകപരിലാളിതൻ,
ആലംബഹീന ഭാവിയിലൊരു
ലോലമാമാശയാർന്നവൻ.

ചാതകോപമം മാനവുംനോക്കി
വാപിളർന്നിട്ടും പാടമേ,
താവകശാന്തി ധാരയുമേന്തി
ആഗതം, കാൺക നീരദം!
ദക്ഷിണപശ്ചിമാശകൾചേർന്നു
ഘോഷിക്കുന്നു വർഷാഗമം;
എത്താറായിങ്ങു കർഷകശ്രീയെ-
ന്നോതുന്നു ശീതമാരുതൻ.

ഗേഹത്തിനുള്ളിലസ്വതന്ത്രയായ്
മേവിടുംബീജ ധാന്യമേ,
ആഗതംതവ സ്വാതന്ത്ര്യദിന-
മാസന്നം തവ മോചനം
ആർത്തിപൂണ്ടൊരു കേദാരം നിന്നെ
പാർത്തിരിപ്പൂതങ്ങേറെയായ്,
സത്വരംനിനക്കെത്തിടാമിനി
യസ്സവിത്രിതന്നന്തികെ.
ലാളിച്ചു പ്രകൃത്യംബ താവകം
പാലനംചെയ്തു പോററിടും,
പൂർണ്ണയൌവ്വനയുക്തയായ് നിന-
ക്കാസ്വദിച്ചിടാം ജീവിതം.
മാതാവിന്നായി തീർത്തിടാമൊരു
മോഹനഹരിതാംബരം;
പൊൻകതിർക്കുല ചൂടിയുംക്രമാൽ
ജന്മസാഫല്യമാർന്നിടാം

ഇന്നു്

എല്ലാവരും സമ്മതിക്കുന്നു, ജാതി മത തൊഴിൽ ഭേദമില്ലാതെ സകലക്കും അത്യാവശ്യമാണ് ഇൻഷുറൻസ് എന്നു്.

അധികവിവരങ്ങൾക്കാവശ്യപ്പെടുക:—

കോച്ചീക്കാർ ബ്രദേർസ്, ലിമിററഡ്,

ദക്ഷിണേന്ത്യക്കുള്ള പ്രധാന ഏജൻറ്മാർ:—

ദി ബോംബെ ലൈഫ് അഷ്വറൻസ് കമ്പനി, ലിമിററഡ്.,

പുതിയറ, കോഴിക്കോട്.

(ദക്ഷിണേന്ത്യയിൽ മുഴുക്കെ ബ്രാഞ്ചുകളും ഏജൻസികളും ഉണ്ട്.)



അവൻെറ വിജയത്തിന്നു ഇപ്പോൾ വഴി ഒരുക്കുകയാണ്

അവൻെറ അച്ഛൻ അവൻെറ വിദ്യാഭ്യാസം സുനിശ്ചിതമാക്കുകയാണ്...

അവൻ ഒരു ചെറിയ കുട്ടിയായിട്ടേ ഉള്ളു വെങ്കിലും, വിദ്യാഭ്യാസത്തിന്നു പണം വേണ്ടിവരുമെന്നു അവൻെറ അച്ഛൻ മുൻകൂട്ടി കാണുകയും അവൻെറ ഫീസ്സിന്നുള്ള പണം ബുദ്ധിപൂർവ്വം നിക്ഷേപിക്കുകയും ചെയ്തിരിക്കുന്നു. ആ സംഖ്യതന്നെ പന്ത്രണ്ടു കൊല്ലം കൊണ്ട് 50 ശതമാനം പലിശ വർദ്ധിച്ച്, അവൻ മതിരുതാവാം അവന്നു സർവ്വകലാശാലയിൽ പഠിക്കുന്നതിന്നു മതിയായ് വരികയും, തന്മൂലം പൂർണ്ണവും ഫലപ്രദവുമായ ഒരു വിദ്യാഭ്യാസത്തിൻെറ പിൻതുണയോടെ അവന്നു ആത്മവിശ്വാസത്തോടും ആശയോടും കൂടി ലോകരംഗത്തേക്കിറങ്ങുവാൻ സാധിക്കുകയും ചെയ്യുന്നു.

അവൻെറ അച്ഛന്നു അവൻ എത്രമാത്രം കടപ്പെട്ടവനായിരിക്കും! അവൻെറ അച്ഛനോ, നാഷനൽ സേവിങ്ങ്സ് സർട്ടിഫിക്കെററുകളിൽ തൻെറ സമ്പാദ്യം നിക്ഷേപിക്കുവാൻ ചെയ്ത തീർപ്പിന്നു എത്രമാത്രം കടപ്പെട്ടിരിക്കും. നിങ്ങളുടെ പുത്രനുവേണ്ടി അത്രയും ചെയ്‌വാൻ നിങ്ങൾക്കു സാധിക്കുമോ? അതു് നിങ്ങളെത്തന്നെ ആശ്രയിച്ചു നില്ക്കുന്ന കാര്യമാണ്.



ബുദ്ധിമാന്മാരായ പിതാക്കളുടെ കൂട്ടത്തിൽ ചേൻ് നിങ്ങൾക്ക മിച്ചമായുള്ള സമ്പാദ്യത്തെ... **നാഷനൽ സേവിങ്ങ്സ് സർട്ടിഫിക്കെററുകളിൽ** നിക്ഷേപിക്കുവിൻ.

- ★ ഒരോ 10 ഉറുപ്പികയും പന്ത്രണ്ട് കൊല്ലം കഴിയുമ്പോൾ 15 ക. യായിത്തീരുന്നു.
- ★ 4½ ശതമാനം തനിപ്പലിശ, ഇൻകംടാക്സില്ലാതെ.
- ★ മൂന്നു കൊല്ലത്തിനു ശേഷം (5 ക. സർട്ടിഫിക്കെററ് 18 മാസത്തിനുശേഷം) അതുവരെ കൂടിയുന്ന പലിശസഹിതം പണമായി മാററി വാങ്ങാവുന്നതു്.

AAA 124

സഹിഷ്ണുതയെപ്പററി

പി. എം. കെ.

(വില്യം ബഷീർ പിക്കാർഡു ഇംഗ്ലീഷിൽ എഴുതിയ ഒരു ലേഖനത്തിന്റെ വെളിച്ചത്തിൽ)

അല്ലാഹു അക്ബർ! ദൈവം വലിയവനാകുന്നു. അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹ് വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂ വ റസൂലുഹൂ. ദൈവം ഒഴികെ മറെറാരു ഇലാഹ് ഇല്ലെന്നും മുഹമ്മദു അവന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

ഫാതിഹാ

സർവ്വ സ്തുതിയും സർവ്വലോകനിയന്താവായ അല്ലാഹുവിനാകുന്നു.

അവൻ പരമകാരുണികനും കരുണാനിധിയും ആകുന്നു.

ന്യായവിസ്താര ദിവസത്തിന്റെ അധിപനും അവനാകുന്നു.

ഞങ്ങൾ നിന്നെമാത്രം ആരാധിക്കുകയും നിന്നോടു മാത്രം സഹായം തേടുകയും ചെയ്യുന്നു.

നീ ഞങ്ങളെ നേരായ പന്ഥാവിലൂടെ നയിക്കേണമേ.

അതായതു, നീ അനുഗ്രഹിച്ചവരുടെ വഴിയിൽ;

നിന്റെ കോപത്തിനു വിധേയരായവരുടെ മാർഗ്ഗത്തിലല്ല; വഴി പിഴച്ചുപോയവരുടെമാർഗ്ഗത്തിലുമല്ല.

വിഷയത്തിലേക്കു പ്രവേശിക്കുന്നതിനു മുമ്പായി കാര്യം വ്യക്തമാക്കുവാനും തെററിദ്ധാരണകളും സന്ദേഹങ്ങളും നീക്കുവാനും വേണ്ടി രണ്ടു വാക്കു പറയേണ്ടിയിരിക്കുന്നു. ഒന്നാമതായി, ഞങ്ങൾ പിന്തുടരുന്ന മതം ഇസ്ലാം ആകുന്നു. അതായത് ആദമിന്റെ മതവും, ഇബ്രാഹിമിന്റെ മതവും, മൂസായുടെ മതവും, ഈസായുടെ മതവും, മുഹമ്മദു നബിയുടെ മതവുമായ ഇസ്ലാം. സർവ്വ സ്തുതിക്കും പാത്രമായ ദൈവത്തിന്റെ ആജ്ഞക്കു കീഴ്വണക്കമെന്നർത്ഥമായ ഇസ്ലാം മതത്തിന്റെ അനുയായികളായ ഞങ്ങളുടെ യഥാർത്ഥനാമം മുസ്ലിമീങ്ങൾ എന്നാണ്; അല്ലാതെ മുഹമ്മദീയർ എന്നല്ല. ഇക്കാരണത്താൽതന്നെ നീതിമാനായ അല്ലാഹുവിന്റെ ആജ്ഞക്കു വണങ്ങിയവനാകയാൽ ഇബ്രാഹിം ഒരു മുസ്ലിമായിരുന്നു. മുഹമ്മദുനബി ഒരു പുതിയ മതം ഉപദേശിച്ചിട്ടില്ല. മുഹമ്മദുനബി അല്ലാഹുവിന്റെ അനുമതിയോടുകൂടി, ഒരേ ഒരു ദൈവത്തിന്റെ ആജ്ഞക്കു കീഴ്വണങ്ങുകയെന്ന ഇബ്രാഹിമിന്റെ മതം പുനഃസ്ഥാപിക്കുകയും ഉറപ്പിക്കുകയുമാണ് ചെയ്തതു്. ഇസ്ലാം പരിശുദ്ധ പ്രവാചകനായ മുഹമ്മദ് നബിയുടെ ആഗമനത്തിനു മുമ്പുതന്നെ നിലവിലുണ്ടായിരുന്ന മതമാകയാൽ തദനുയായികളുടെ പേർ മുസ്ലിംകൾ എന്നാണ്.

ഇനി നമ്മുടെ വിഷയമായ സഹിഷ്ണുതയിലേക്കു പ്രവേശിക്കുക. ഇന്നു നമുക്കു മുമ്പത്തെക്കാളധികം, സഹിഷ്ണുതയുടെ ആവശ്യകതയുണ്ട്. ലോകം ഇന്നു വളരെ ചെറുതായിരിക്കുന്നു. ഭൂഗോളികമായ ദൂരം വളരെ ചുരുങ്ങുകയും പാശ്ചാത്യവും പൌരസ്ത്യവുമായ ദേശങ്ങൾ പരസ്പരം കൂട്ടിച്ചേരുകയും ചെയ്തിരിക്കുന്നു. ലോകത്തിൽനിന്നു ഒററപ്പെട്ടു നില്ക്കുന്ന, ദൂരെ കുണ്ടു വേറിട്ടുനില്ക്കുന്ന, ഒരൊററ ദേശവും ഇന്നു ലോകത്തിൽ ഇല്ലെന്നു നമുക്കു നിസ്സംശയം പറയാം. ലോകത്തിൽ പരസ്പരം ബന്ധമില്ലാത്ത ഒരൊററ ജനതയുമില്ല. വിദേശി എന്ന വാക്കുതന്നെ പഴയ യുഗത്തിന്റെ അവശിഷ്ടമെന്ന നിലക്കു അവസാനിക്കുവാൻ പോകുകയാണ്. അതുകൊണ്ട് സഹിഷ്ണുതയെ എല്ലാ ചെറിയ സംഗതികളിലും വലിയ സംഗതികളിലും അതിന്റെ എല്ലാ രൂപങ്ങളിലും നമുക്കു ഇരുകയ്യോടുംകൂടി സ്വാഗതം ചെയ്യുക.

നമുക്കിനി മതത്തെപ്പററി പറയാം. വളരെ വിശാലമായ സഹിഷ്ണുതയാണ് ഇവിടെ ആവശ്യം. നമ്മുടെ സഹോദരന്മാരുടെ പരിപാവനമായ ചിന്തകളും വികാരങ്ങളും അഭിലാഷങ്ങളും പരിഹാസപാത്രങ്ങളായി നാം തള്ളരുതു്. നാം വിവേകത്തോടും ഹൃദയവിശാലതയോടുംകൂടിയിരിക്കുന്നില്ലെങ്കിൽ ഇതു അസാദ്ധ്യവുമാണ്. മതങ്ങളെ താരതമ്യപ്പെടുത്തി പഠിക്കുകയെന്നതു സഹിഷ്ണുതക്കു വളരെ സഹായമാണ്. നമുക്ക് എന്തെങ്കിലും ഒരു വിഷയത്തെപ്പററി അറിഞ്ഞുകൂടെങ്കിൽ, നമുക്കതിനെപ്പററി വിധികല്പിക്കുവാൻ സാദ്ധ്യമല്ല. അതിൽ എത്രത്തോളം സത്യവും അസത്യവുമുണ്ടെന്നു പറയാൻ കഴിയുകയില്ല. അതുകൊണ്ടു നമുക്കു പഠിക്കുക. കാര്യവിവേചനശക്തിയോടുകൂടി അറിവു നമ്മെ നശ്വരമായ അസത്യത്തിൽനിന്നു ശാശ്വതമായ സത്യത്തെ തിരഞ്ഞെടുക്കുവാൻ സഹായിക്കും.

മതങ്ങളെ താരതമ്യേന പഠനം ചെയ്യുന്നതിൽ പിണയാവുന്ന ഒരു വലിയ അപകടത്തെ നാം ശക്തിയോടെ അകറേറണ്ടിയിരിക്കുന്നു. സാക്ഷാൽ സത്യമായ ദൈവത്തിങ്കലേക്കു ആയിരം മാർഗ്ഗങ്ങളുണ്ടായിരിക്കാം; കോടിക്കണക്കിൽ ഉണ്ടായിരിക്കാം. പക്ഷെ, ഒരു ദൈവമല്ലാതെ ഇല്ല. അനന്തനും അനശ്വരനും സൃഷ്ടികർത്താവും കാരുണ്യവാനുമായ അവനത്രെ സർവ്വസ്തുതിയും. സ്നേഹമൂർത്തിയായ ആ ദൈവത്തിങ്കലേക്കുള്ള ആയിരം വഴികളും മാനസികമായി അംഗീകരിച്ചാൽ മാത്രം ഒരു സ്ത്രീയേയും പുരുഷനേയും ആ ദൈവത്തിന്റെ സമീപത്തിൽ എത്തിക്കുകയില്ല. കർമ്മപഥത്തിൽ കൊണ്ടുവരുന്ന വിശ്വാസംമാത്രമാണ് ഫലപ്രദമായിട്ടുള്ളത്. അതുകൊണ്ടു യഥാർത്ഥമായ മാർഗ്ഗം കണ്ടുപിടിച്ചു അതിൽ പ്രവേശിക്കുക.

ഞാൻ തെളിയിക്കാം. പല വണ്ടികളും കടന്നുപോകുന്ന ഒരു തീവണ്ടിയാപ്പീസിൽ ഒരു കാമുകൻ ഇരിക്കുന്നുവെന്നു സങ്കല്പിക്കുക. ആ വണ്ടികൾ കടന്നുപോകുന്നതു നോക്കി അയാൾ തന്നെത്താൻ പറയുകയാണ്: "നല്ലതു! വളരെ നന്നായിരിക്കുന്നു. ഈ വണ്ടികളെല്ലാം പോകുന്നതു എന്റെ പ്രേമഭാജനം വസിക്കുന്നേടത്തേക്കാണ്." അങ്ങിനെ ഉച്ചസ്ഥാനത്തുനിന്ന സൂര്യൻ അസ്തമിച്ചു കഴിഞ്ഞപ്പോഴും അയാൾ ആ സ്റ്റേഷനിൽതന്നെ ഇരുന്നു് ആവർത്തിക്കുകയാണ്.

"കേമമായിരിക്കുന്നു! എല്ലാവണ്ടികളും പോകുന്നതു എന്റെ പ്രേമഭാജനം താമസിക്കുന്നേടത്തേക്കാണ്."

അത്തരം ഒരു കാമുകനെപ്പററി നാം എന്താണു വിചാരിക്കേണ്ടതു? അയാൾക്കു വല്ല പ്രേമവും ഉണ്ടായിരുന്നുവെന്നു പറയണമോ? വേണ്ടാ! വേണ്ടാ!! അയാൾ എഴുന്നേററു തനിക്കു സഞ്ചരിക്കുവാനുള്ള വണ്ടി കണ്ടുപിടിച്ചു അതിൽ പ്രവേശിച്ചാലല്ലാതെ അയാൾക്കു പ്രേമമുണ്ടായിരുന്നു എന്നു വിശ്വസിക്കുവാൻ നമുക്കു കഴിയുകയില്ല. ഉറപ്പാണു, അയാൾ പ്രവർത്തിച്ചാലല്ലാതെ തന്റെ പ്രേമഭാജനത്തിന്റെ അടുത്തെത്തുകയില്ല.

അതുകൊണ്ടു്, സഹോദരന്മാരെ സഹോദരികളേ, ഞാൻ പറയുന്നു: ദൈവത്തോടു പ്രാർത്ഥിക്കുക. സൃഷ്ടികർത്താവായ ദൈവം നിങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള വാസനകൾക്കും കഴിവുകൾക്കും ഒത്ത പാതയിലേക്കു അവൻ നിങ്ങളെ നയിക്കട്ടെ എന്നു പ്രാർത്ഥിക്കുക.

ഇസ്ലാമികമായ വീക്ഷണകോണിൽകൂടി നമുക്കു സഹിഷ്ണുതയെ പരിശോധിക്കുക. ഇസ്ലാമിന്റെ അടിസ്ഥാനം പരിശുദ്ധ ഖുർആനാണ്. ഖുർആനിൽ എഴുതിയിരിക്കുന്നു. "ലാഇക്റാഹഫിദ്ദീൻ", അതായതു "മതത്തിൽ നിർബ്ബന്ധമില്ല" എങ്ങിനെയുണ്ടാകും? മതം ഹൃദയസംബന്ധിയാണ്. ബാഹ്യരൂപം ഒന്നുമില്ലാത്തതിനു സമമാണ്. ദൈവാനുഗ്രഹമില്ലാതെ ഒരാൾക്കും സത്യവിശ്വാസിയാവാൻ സാദ്ധ്യമല്ല. ദൈവാനുഗ്രഹത്തെ ആശ്രയിച്ചുനില്ക്കുന്ന ഒരു കാര്യത്തിൽ നിങ്ങൾ നിർബ്ബന്ധം ചുമത്തുമോ? ഹൃദയം ദൈവത്തിങ്കലേക്കു ചേർന്നതാണു; മനഃപൂർവ്വമാണെങ്കിലും അല്ലെങ്കിലും അവൻ എന്നും മാപ്പുനല്കുന്നവനും കാരുണ്യവാനും അനന്തമായ അനുഗ്രഹവർഷിയുമാകുന്നു. നിങ്ങൾ അവന്റെ നേരെ നോക്കുക. അവൻ നിങ്ങളുടെ നേരെയും നോക്കും.

ആരാണു ദൈവം? ഞാൻ ആരെപ്പററിയാണു് നിങ്ങളോടു സംസാരിക്കുന്നതു്? അതെ, ഏക ദൈവത്തെപ്പററി; ഇംഗ്ലീഷിൽ God എന്നും ഫ്രഞ്ചിൽ Dieu എന്നും അറബിയിൽ അല്ലാഹു എന്നും പല പേരുകളുള്ള ആ ദൈവത്തെപ്പററി. അനന്തനും കാരുണ്യവാനുമായ ഏക ദൈവം.

പരിശുദ്ധ ഖുർആന്റെ ഭാഷയിൽ "അല്ലാഹുവല്ലാതെ മററു ദൈവ"മില്ല. അവൻ തന്നെത്താൻ നിലനില്ക്കുന്നവനും മററുള്ളവരെ നിലനിർത്തുന്നവനും ഉറക്കമോ മയക്കമോ ബാധിക്കാത്തവനും ആകുന്നു. പരലോകത്തും ഇഹലോകത്തും ഉള്ളതെല്ലാം അവന്റേതാണ്. അവന്റെ അനുമതിയോടുകൂടിയല്ലാതെ അവന്റെ മുമ്പിൽ മാദ്ധ്യസ്ഥ്യം പറയുന്നവൻ ആരാണ്? അവരുടെ മുമ്പിലും പിമ്പിലുമുള്ളതെല്ലാം അവനറിയാം. അവന്റെ പ്രീതിയോടുകൂടിയല്ലാതെ അവന്റെ ജ്ഞാനത്തിൽനിന്നു് അവർക്കു ഒന്നും ഗ്രഹിക്കുവാൻ സാധിക്കുകയില്ല. അവന്റെ ജ്ഞാനം സർവ്വലോകവ്യാപകമാണു. സർവ്വലോകത്തിന്റെയും പാലനം അവനെ ക്ഷീണിപ്പിക്കുന്നില്ല. അവനത്രെ ഏററവും ഉന്നതൻ.

ഖുർആനിൽനിന്നു ഇനി മറെറാരു വാക്യമുദ്ധരിക്കാം.

"വിശ്വാസികളും, അവർ യഹൂദന്മാരോ ക്രിസ്ത്യാനികളോ സാബികളോ ആവട്ടെ, അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും നന്മചെയ്യുകയും ചെയ്യുന്നവരെങ്കിൽ അവർക്കു ദൈവത്തിങ്കൽനിന്നുള്ള പ്രതിഫലം ലഭിക്കും. അവർ ഭയപ്പെടേണ്ടതില്ല; അവർ ദുഃഖിക്കേണ്ടിവരികയുമില്ല"

വീണ്ടും ഖുർആൻ പറയുന്നു:

"നിങ്ങളിൽനിന്നു് തന്നെത്താൻ ദൈവത്തിനു അർപ്പിക്കുകയും മററുള്ളവർക്കു നന്മചെയ്യുകയും ചെയ്യുന്നവനു ദൈവത്തിങ്കൽനിന്നു പ്രതിഫലം ലഭിക്കുന്നതാണ്. അവൻ ഭയപ്പെടേണ്ടതില്ല; അവൻ ദുഃഖിക്കേണ്ടിവരികയുമില്ല"

വീണ്ടും ഖുർആൻ പറയുന്നു:

"നിങ്ങൾ അല്ലാഹുവിനെ ഉദ്ദേശിച്ച് കിഴക്കോട്ടു തിരിഞ്ഞാലും പടിഞ്ഞാട്ടു തിരിഞ്ഞാലും അവിടെ അല്ലാഹുവുണ്ട്. തീർച്ചയായും അല്ലാഹു ദാനശീലനും സർവ്വജ്ഞനുമാകുന്നു.'

അപ്പോൾ സഹിഷ്ണുത എന്തടിസ്ഥാനത്തിന്മേലാണ തത്വശാസ്ത്രത്തിൽ നിലകൊള്ളുന്നതെന്നു നമുക്കുറപ്പിക്കാം. അതിപ്രകാരമല്ലേ? എല്ലാം ദൈവത്തിന്റെ കൈകളിലാണ്; എല്ലാം അവന്നവകാശപ്പെട്ടതാണ്. അവന്റെ അറിവിന്നതീതമായി ഒന്നുമില്ല. ഏതൊരു നിസ്സാരകാര്യം പോലും അവൻ അറിയുന്നു. അവനാണു എല്ലാററിലും അധിശക്തി. അവന്റെ പേരിൽ സ്തോത്രങ്ങൾ!!

അവന്റെ അനുവാദമില്ലാതെ നന്മതിന്മകളുണ്ടാകുന്നില്ല. നീതിമാനായ അവൻ നന്മതിന്മകളുടെ മാനദണ്ഡങ്ങളെയും നിശ്ചയിച്ചിരിക്കുന്നു. സന്മാർഗ്ഗിയുടെയും ദുർമ്മാർഗ്ഗിയുടെയും മേൽ ഒരുപോലെ അവൻ സൂര്യപ്രകാശം ചൊരിയുന്നു. അവന്റെ ഔദാര്യത്തിന്നതിരുകളില്ല.

അതുകൊണ്ട്, വിവേകിയായ ഒരു മനുഷ്യൻ സഹിഷ്ണുതയുടെ മാർഗ്ഗമല്ലാതെ മറെറന്താണു സ്വീകരിക്കുക?

ഇതു പോരെങ്കിൽ ഇസ്ലാമിന്റെ സിദ്ധാന്തത്തെ പരിശോധിക്കുക. ഒരു മനുഷ്യൻ എന്തു ഗുണം ചെയ്താലും അതിനുള്ള പ്രതിഫലം അവന്നു ലഭിക്കും. ഒരാൾ എന്തു തിന്മ ചെയ്താലും അതിനുള്ള ശിക്ഷ അയാൾ അനുഭവിക്കണം. നിങ്ങൾ ഓരോരുത്തരും അവരവരുടെ കർമ്മങ്ങൾക്കുത്തരം പറയേണ്ടിവരും. ഒരാത്മാവും മറെറാരാത്മാവിന്നുവേണ്ടി ഉത്തരം പറയുകയില്ല. ഓരോരുത്തർക്കും അവരവരുടെ കർമ്മങ്ങളനുസരിച്ച പ്രതിഫലം ലഭിക്കും. ദൈവം അനീതി പ്രവർത്തിക്കുന്നവനാണെന്നു നിങ്ങൾ പറയരുത്. ഓരോ ആത്മാവും അതിന്റെ കർമ്മങ്ങൾക്ക് ഉത്തരവാദിയാണ്. മറെറാരാളുകൾക്കുവേണ്ടി നിങ്ങൾ മറുപടി പറയേണ്ടിവരികയില്ല. വിധി നടത്തുന്ന കാര്യത്തിൽ ദൈവം ശീഘ്രശീലനാകുന്നു.

ചെറുകഥ.

"കുഞ്ഞാവണം!"

കെ. എൻ. കടത്തനാട്

കിഴക്കിൽ വെളുപ്പു പായുമ്പോൾ, കൂട്ടുകളിൽ കാക്കകൾ ഉണരുമ്പോൾ, കോഴികൾ കാളമൂളുമ്പോൾ മൊയ്തു ഉറക്കിൽനിന്നു ഞെട്ടിയുണരും. പായിൽനിന്നു രണ്ടുരുണ്ടുനോക്കും. പായിൽ കൈത്താങ്ങ് കൊടുത്തു എഴുന്നേറ്റിരിക്കും. അവന്റെ പകലത്തെ ജോലിയിലേക്ക് ശ്രദ്ധ വിളിക്കപ്പെടും.

അറക്കാനുള്ള ആടുകൾക്ക് അവസാനത്തെ തീറ്റ കൊടുക്കണം. അറപ്പുരയിൽ അവയെ കൊണ്ടുപോയി നിർത്തണം. അറക്കണം. കശാപ്പുശാലയിൽ ഇറച്ചി കൊണ്ടുപോയി കൊക്കകളിൽ തൂക്കിയിടണം. ആവശ്യമുള്ളവക്ക് ഇറച്ചി തച്ചു തൂക്കിക്കൊടുക്കണം. ഇത്രയും മൊയ്തുവിന്റെ ജോലിയാണ്.

മൊയ്തു, കുഞ്ഞാലി മുതലാളിയുടെ കശാപ്പുശാലയിൽ ജോലിക്കു നിന്നിട്ട് അധികം കാലമായില്ല. ഒരു വഴിത്തലക്കൽ കാപ്പിക്കച്ചവടം കുറേക്കാലം അവൻ നടത്തിനോക്കിയിട്ടുണ്ട്. ലാഭമില്ലെന്നു കണ്ടപ്പോൾ ആ ജോലി വിട്ടു. തനിക്കു ആശ്വാസവും തണലും ആവാൻ കിഴവിയായ ഒരുമ്മ മാത്രമേയുള്ളൂ. ഉമ്മയെ കഷ്ടപ്പെടുത്താതെ മരിക്കുന്നതുവരെ നോക്കണം. അതാണവന്റെ പ്രമാണം.

"ഉമ്മയും ബാപ്പയുമാണ്, നമ്മുടെ മുതല്. ഇല്ല മ്മാട്ടി?"—കാപ്പിക്കടയിൽ മൊയ്തുവിനെ സഹായിക്കാനായി ചിലപ്പോഴൊക്കെ വരുന്ന ഉമ്മാട്ടിയോട് അവൻ ചോദിക്കും; ഉമ്മാട്ടിയുടെ അഭിപ്രായമറിയാൻ.

"പിന്നെയോ മൊയ്തു? ഞമ്മളെ മതം പറയുന്നില്ലോടാ അതു; ഇന്നാള് മുസല്യാര് പറഞ്ഞില്ലേയ്, 'വയള്' പറേമ്പോ."

മൊയ്തു, ഉമ്മാട്ടിയുടെ അഭിപ്രായം കേട്ടാൽ പുഞ്ചിരിക്കാതിരിക്കയില്ല. അതുതന്നെയായിരിക്കും അവന്റെയും അഭിപ്രായം.

ജീവിക്കാൻ വഴി വേറെയില്ലാതായപ്പോൾ മൊയ്തു കശാപ്പുജോലിക്കിറങ്ങേണ്ടിവന്നു. പ്രത്യേകിച്ചു അങ്ങേലെ കുഞ്ഞാലി മുതലാളിയുടെ ക്ഷണവും. അതെങ്ങിനെ വിലവെക്കാതിരിക്കാൻ. ഉമ്മയെ രക്ഷിക്കേണ്ട ചുമതല. അതെങ്ങിനെ നിരാകരിക്കും.

ഒന്നാമത്തെ ദിവസം അവനു വലിയ പേടിയായിരുന്നു. ആട്ടിൻകുട്ടികൾ. കാഴ്ചക്കു ഭംഗിയുള്ളവ. അമ്മയുടെ മുലക്കീഴിൽനിന്നു മാറിയിട്ട് അധികം കഴിയാത്തവ; അവയെ പിടിച്ചുകൊണ്ടുവന്നു കഴുത്തിൽ കത്തിവെക്കുക! മരണപ്പിടച്ചൽ പിടയുന്നതു കണ്ടുനിൽക്കുക!! അതെല്ലാം മൊയ്തുവിനെ പേടിപ്പെടുത്തി.

മുസല്യാർ കാണിച്ചുകൊടുത്തു, എങ്ങിനെയാണു അറക്കേണ്ടതെന്നു. അതു ഹൃദയം പിടഞ്ഞുകൊണ്ടവൻ പഠിച്ചു. കണ്ണും ചിമ്മി കഴുത്തിൽ കത്തിവെച്ചു. ആട്ടിന്റെ ജീവനാശശേഷം മാത്രമേ കണ്ണുതുറന്നുള്ളൂ.

തോലുരിക്കുക, മാംസം കഷ്ണം കഷ്ണമാക്കുക മുതലായവ അവൻ നിർബ്ബന്ധപൂർവ്വം പഠിച്ചു. അങ്ങനെ ആദ്യത്തെ ദിവസം ഒരു മൂന്നു ആടുകളെ യമലോകത്തിലേക്കയച്ചു.

വൈകുന്നേരമായപ്പോൾ കുഞ്ഞാലി മുതലാളി വിളിച്ചു:—"എടാ മൊയ്തു, നിനക്കൊള്ള പണിയാ; ചിന്നാള് കഴിഞ്ഞാല് അറപ്പങ്ങു തീരേണ്ടും. ഇന്ന് ഇതാ, ഒരുറുപ്പിക ഉമ്മാക്ക് അരിയും മീനും വാങ്ങിക്കൊണ്ടുപൊക്കോ"—മൊയ്തു സങ്കടത്തോടും സംശയത്തോടും കൂടി മേടിച്ചു കീശയിലിട്ടു.

മൊയ്തു കുട്ടിയായിരുന്നപ്പോൾ, അങ്ങാടിക്കുപോകുമ്പോൾ സാധാരണ കാണാറുള്ളതാണ് ആ പുര. ആടുകളുടെ അറക്കൊല നടത്താറുള്ള ചുടലപ്പുര. പുരക്കു സമീപമായാൽ അവൻ ഓടുകയാണ് പതിവ്. നടക്കാറില്ല. അങ്ങോട്ട് നോക്കാൻ തന്നെ ഭയമാ! കൂടാതെ, അതിന്റെ പിൻഭാഗത്ത് കൊമ്പും കുളമ്പും അങ്ങിങ്ങായി ചിതറിക്കിടക്കുന്നതു കാണാം. അയ്യോ! അതൊക്കെ ഏതിന്റെ വാത്സല്യത്തണമാണ്!! മൊയ്തു കുറഞ്ഞ ദിവസംകൊണ്ട് ഒരു കശാപ്പുകാരൻ തന്നെയായി. ചോരയിൽ മുങ്ങിയ മുണ്ട്, അവിടവിടെയായി ചോരത്തുള്ളി തെറിച്ച കുപ്പായം, അതുതന്നെ കീറിയതു്. അങ്ങിനെ ഒരു പുതിയ വേഷത്തിൽ തറമുട്ടിയുടെ പിന്നിൽ അവൻ ഇരിക്കുന്നതു കാണാം.

"അര റാത്തലിറച്ചി; എല്ലില്ലാണ്ട് തൂക്കണം. മുസല്യാർക്ക് ന്നേ"— അയിസ്സുവാണ് വന്നു ചോദിക്കുന്നതു്. അവൾ ബാലികയാണ്. ഒരു മുസല്യാരുടെ വീട്ടിലാണു താമസം. ഉമ്മയും ബാപ്പയും മരിച്ചുപോയി. അങ്ങിനെ ആ വലിയ മാളികയിലെ പണിക്കാരിയായി അവൾ.

"എല്ലില്ലാണ്ടെങ്കീ ഇറച്ചി? പോടീ പൊട്ടീന്. തരാൻമനസ്സില്ല" മൊയ്തു കണക്കിന് കൊടുക്കും. അവളും തലതാഴ്ത്തിച്ചിരിക്കും. അതവൻ നോക്കിനില്ക്കും.

മൊയ്തുവിന്റെ ശകാരം കേൾക്കാൻ പിന്നെയും ദേഷ്യംപിടിപ്പിക്കും.

ഇഞ്ചിമുറിച്ച പൊതിയുമായി മൊയ്തു അവളുടെ കൈയിൽ കൊടുക്കുമ്പോൾ ചോരയൊലിക്കുന്ന കൈ കൊണ്ടു അവളുടെ മുഖമൊന്നു തഴുകും. അയിസ്സു മുഖം കറുപ്പിച്ചു അങ്ങു നടക്കും:—"ഇതിനു കൂലി ഞാൻ തന്നില്ലാ. ഒരു പുതിയ മൊറാഞ്ചൻ വന്നിരിക്കു കറകുത്തിയ കുപ്പായോം തൊപ്പിയും ഇട്ടിററാണെന്നസ്"— അയിസ്സു എളിമയും ലാളിത്യവും കലർത്തി ഒന്നു ശകാരിക്കും. ഇറച്ചി തറച്ചുകൊണ്ടു കണ്ണിമച്ചു അവൻ നോക്കിച്ചിരിക്കും.

ഒരു ദിവസം തറച്ചുകൊടുത്ത ഇറച്ചി വഴിക്കു വെച്ചു പരുന്തു റാഞ്ചിക്കൊണ്ടുപോയി. അവൾ കരഞ്ഞുകൊണ്ടു മൊയ്തുവിന്റെ കശാപ്പുശാലയിൽ തന്നെ വന്നു.

മൊയ്തു ചോദിക്കുകയാണ്:—'എന്താടീ മോങ്ങേണ്ടിന്നെ? ഇപ്പൊനക്കു മേടിച്ചോണേ? ഉണ്ടു ഇല്ലേ!' മൊയ്തു ഒരു പൊതി ഇറച്ചിയുംകൂടി തറച്ചുകൊടുത്തു. അയിസ്സുവിന്റെ കവിളിൽ തങ്ങിയ കണ്ണീർത്തുള്ളി അവൻ ഒപ്പിയെടുത്തു കളഞ്ഞു.!

ആ രണ്ടു ജീവിതം തമ്മിൽ കോർത്തിണക്കുവാനുള്ള ഒരു മുല്ലമാല കെട്ടുവാനായി ആ പട്ടക്കുള്ളികൾ ഉപയോഗിക്കപ്പെട്ടു!

അയിസ്സു മീനംവാങ്ങി വീട്ടിലേക്കു തിരിക്കുകയാണ്. കുറച്ചു ഇരുട്ടായിരിക്കുന്നു. ആരും ചുരുക്കമായി പോവുന്ന ഒരു വഴിയിലൂടെയാണ് അവൾ പോവുന്നത്. പെട്ടെന്ന് ഒരു കരച്ചിൽ! അടുത്തുള്ള കുററിക്കാട്ടിൽനിന്നു ഒരു കുറുക്കന്റെ ഓരി! അടുത്തുള്ള പ്രദേശങ്ങളിലെ കുറുക്കന്മാരെല്ലാം മറുപടിയായി ഓരിയിട്ടു. അവൾ പേടിച്ചുപോയി!

"അയിസ്സൂ! എങ്ങിനെ! രാത്രിസവാരിയാ?"— മൊയ്തു കുറുക്കനെ അനുകരിച്ചു ഓരിയിട്ടതായിരുന്നു. 'എന്താ കാട്ടിലൊളിച്ചത്?"— അയിസ്സു പറഞ്ഞു തീരും മുമ്പു അവൻ അവളുടെ അടുത്തെത്തി.

"കുഞ്ഞേ, കുഞ്ഞേ, നീയെന്റെ കുഞ്ഞാണ്. ഇന്നല്ലെങ്കിൽ നാളെ നീയെന്റെ കുഞ്ഞാവണം!"— അവളുടെ കൊച്ചുകൈകൾ രണ്ടും തന്റെ കൈക്കുള്ളിൽ ഒതുക്കി അവൻ ഹൃദയകുസുമം വിരിയിക്കുകയാണ്, സ്നേഹസാരം ഒഴിക്കുകയാണ്. 'വേണ്ട, വേണ്ട. എനക്കാരേം കുഞ്ഞാവണ്ട. വിട്ടാളെ. ചോരയൊലിക്കുന്ന കൈകൊണ്ടെന്നെ തൊട്ടാൽ"— അവനെ സ്നേഹിക്കുവാനൊരു ഹൃദയമില്ലെന്നാണവളുടെ വിചാരം. രക്തത്തിൽ കുളിച്ചുവരുന്നെങ്കിലും സ്നേഹദീപം അവന്റെയും ഹൃദയത്തിൽ എരിയുന്നു. മുകന്ന കൈകളും തന്നേ അഴഞ്ഞുപോയി. ഇരുട്ടുപടം വിരിച്ചു ആ രംഗം മൂടിക്കളഞ്ഞു!

അയിസ്സു പിന്നെയും മൊയ്തുവിന്റെ പീടികയിൽ അങ്ങിനെ പോകയുണ്ടായിരുന്നു. അവൾക്കങ്ങിനെ നിത്യം പോകാതിരിപ്പാൻ കഴിയാതെയുമായി.

ഒരു പുലർവേളയിൽ മൂന്നാട്ടിനെ ഒന്നായി നിർത്തി മൊയ്തു അറക്കുവാൻ തയ്യാറായി നില്ക്കുകയാണ്. അവയ്ക്കു അവസാനത്തെ തീററ കൊടുക്കുകയാണ്.

ഒരു വിളികേട്ടു. അവൻ പുറത്തുചെന്നുനോക്കി. അയിസ്സു! അവൾ വിങ്ങിവിങ്ങി കരയുകയാണ്. ഏങ്ങലടിച്ചു കരയുകയാണ്. മൊയ്തു അടുത്തുചെന്ന്, അവളെ തൊട്ടുതലോടിക്കൊണ്ടു കരച്ചിലിനു കാരണം ചോദിച്ചു.

'മൊയ്തുക്കാ! എന്റെ ആട്! ഞാൻ മൂന്നു കൊല്ലം മുമ്പ് പോററിയ ഒരു ആട്ടിനെ അറക്കുവാനിവിടെ ആരോ കൊണ്ടുവന്നിട്ടുണ്ട്. അയ്യോ, അതിനെ അറക്കരുതെ" അയിസ്സു താണുകേണപേക്ഷിച്ചു. അവളുടെ ഉമ്മായുടെ ഏകസമ്പത്തായി ഒരു ആട്ടുണ്ടായിരുന്നു. രണ്ടു കൊല്ലത്തോളം അതിനു അവളുടെ പരിലാളനമേല്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മുസല്യാരുടെ പണിക്കാരിയായപ്പോൾ അലിയുമ്മ എന്നവൾക്കു അവൾ ആട്ടിനെ വിററു. അയിസ്സു അടുത്തുകൂടിയെങ്ങാൻ പോവുമ്പോൾ അതു തലപൊക്കിയൊന്നു കരയും. അവൾ അടുത്തുചെന്നു അതിനെയൊന്നു തൊട്ടുഴിയും! അതു സംഭാഷണമാണ്.

അയിസ്സുവിനെ കൈക്കുപിടിച്ചു, മൊയ്തു കശാപ്പുശാലയിൽ കൊണ്ടുപോയി. എന്തൊരു കാഴ്ച! മൂന്നാട്ടിനെയും ഒന്നിച്ചു നിർത്തിയിട്ടുണ്ട്. അവളുടെ വെളുത്ത ആടു, നടുവിൽ. മററതു രണ്ടും, കുട്ടിയും തള്ളയുമാണ്. അവയെന്തറിയുന്നു! പതിവുപോലെ അന്നും ആ സമയവും അതു പിണ്ണാക്കു തിന്നുന്നു. മിനുട്ടഞ്ചു കഴിഞ്ഞാൽ എല്ലാം അവസാനിക്കും. അതവൾക്കു മനസ്സിലാക്കാൻ കഴിയുമോ? കഴിയുമെങ്കിൽ മനുഷ്യനു മണക്കുവാൻ കിട്ടുമോ അവയെ? മിണ്ടാപ്രാണിയല്ലേ, അവ? മനുഷ്യൻ വിശേഷബുദ്ധിയുള്ളവനല്ലേ? പിന്നെ, അതു, അവനു കീഴ്വണങ്ങാതിരിക്കുവാൻ കഴിയുമോ?

"മൊയ്തുക്കാ, എങ്ങിനെ അറക്കാൻ തോന്നുന്നു ഈററങ്ങളെ, ഇക്കാക്കാക്ക്. ഇക്കാകാ, ഈററങ്ങളെയൊക്കെ അടിച്ചീട്ടണം"— അയിസ്സുവിന്റെ ഹൃദയം തളർന്നു. അതു നോക്കിനില്ക്കാൻ അവൾക്കു കഴിയാതായി!

"എടീ! എന്താ പറേണേ?"—മൊയ്തു അയിസ്സുവിനെ സമീപിച്ചു. അവളെ പിടിച്ചു തെരുതെരെ ചുംബിക്കുകയായി!! അവരും പുളകംകൊണ്ടു മൊയ്തുവിന്റെ ഹൃദയാനന്ദത്തിന്റെ അലകൾ അങ്ങിനെ പൊങ്ങി അനേകം ജീവികളുടെ മരണരോദനം തങ്ങിയ ആ അന്തരീക്ഷത്തിൽ ലയിച്ചു.

"മൊയ്തുക്കാ, എന്നെ സമാധാനപ്പെടുത്തണം ഈയാട്ടുങ്ങളെയൊക്കെ അഴിച്ചുവിട്ടണം!"—അവൾ ആവർത്തിച്ചു.

"അയിസ്സൂ! ആട്ടുങ്ങളെ അഴിച്ചുവിട്ടാൽ എന്റെ ജോലി പോവും. കുഞ്ഞാലി മുതലാളി വന്നാലെന്നെ തല്ലും"—മൊയ്തു ധർമ്മസങ്കടത്തിലകപ്പെട്ടു.

"ആട്ടുങ്ങളെ അഴിച്ചുവിട്ടു നമുക്ക രണ്ടുപേർക്കും ഇവിടെനിന്നു എവിടെയെങ്കിലും പോയി ജീവിക്കാം അന്ന, അയിസ്സു, മൊയ്തുക്കാന്റെ കുഞ്ഞാ!"—മഴയത്തൊരിളംവെയിലിൽ, കരച്ചിലിലൊരു പുഞ്ചിരി അവളുടെ ചുണ്ടിൽ വിടർന്നു!

ആട് മൂന്നിനേയും മൊയ്തു, അഴിച്ചുതെളിച്ചു വളരെ ദൂരം ഓടിച്ചുകളഞ്ഞു!

* * * * *

അന്നു തീവണ്ടിയാപ്പീസ്സിൽ രണ്ടു പുതിയ യാത്രക്കാരുണ്ടു, ഒരു യുവാവും ഒരു ബാലികയും. അവർ ചമഞ്ഞൊരുങ്ങിയവരല്ല. കണ്ണെത്താത്ത നാട്ടിലേക്കാണവരുടെ യാത്രയെങ്കിലും അതിന്റെ ലക്ഷണമൊന്നും അവരിൽ കണ്ടില്ല.

വണ്ടി വന്നു! കൈകോർത്തുപിടിച്ചു ആ യുവാവും ബാലികയും വണ്ടിയിലേറി!! കുരാത്തനാദത്തോടെ, കുരുഞ്ചിടിപ്പോടെ, കുലുക്കിത്തള്ളലോടെ, വണ്ടി ആപ്പീസ്സുവിട്ടു.

പകർപ്പവകാശം ലേഖകന്

നമ്മുടെ നാട്ടുകാരാൽ നമ്മുടെ നാട്ടിൽ വെച്ചുണ്ടാക്കപ്പെടുന്ന

തനി സ്വദേശി മേത്തരം തീപ്പെട്ടികൾ

കാലവ്യത്യാസം കൂടാതെ ഉപയോഗിക്കാവുന്നവ

കേരള മാച്ച് ഫാക്ടറി, പൊന്നാനി, S. മലബാർ.

സിറിയയിലെ മുസ്ലിംഭരണത്തിന്റെ ആരംഭഘട്ടം

വറുഗീസ് കളത്തിൽ എം. ഏ.

സിറിയയിൽ മുസ്ലിം ആധിപത്യം പ്രതിഷ്ഠിതമായതെങ്ങനെയെന്നാണ് ഈ ലേഖനത്തിൽ വിവരിക്കുന്നത്.

മുഹമ്മദ്നബിയുടെ കാലത്ത് സിറിയയിലെ ജനങ്ങൾ മിക്കവരും ക്രൈസ്തവരായിരുന്നു. മുഹമ്മദ്നബിയുടെ കാലത്തിനുശേഷം അദ്ദേഹത്തിന്റെ അനുയായികളായ സമരനായകന്മാർ സിറിയയുടെ നേരെ ആക്രമണം ആരംഭിച്ചപ്പോൾ സിറിയ മുതലായ പ്രദേശങ്ങളിൽ ബൈസന്റൈൻ സാമ്രാജ്യത്തിലെ ക്രൈസ്തവമേധാവികൾ ഭരണം നടത്തിവന്നു.

ഇന്നത്തെപ്പോലെതന്നെ അന്നും ദേശീയബോധവും മതബോധവും തമ്മിൽ സാധാരണ ജനങ്ങൾ വലിയ വ്യത്യാസം കല്പിച്ചിരുന്നില്ല. ഒന്നു മറ്റൊന്നാണെന്ന് പലരും ഇക്കാലത്തുപോലും തെറ്റിദ്ധരിക്കുന്നു. സൂക്ഷ്മമായി പരിശോധിച്ചുനോക്കിയാൽ, ബൈസന്റൈൻ സാമ്രാജ്യത്തിൽ മുസ്ലിംകളുടെ ആക്രമണകാലത്ത് ഒരു തികഞ്ഞ ദേശീയബോധം ഇല്ലായിരുന്നുവെന്ന് കാണാവുന്നതാണ്.

ജസ്റ്റീനിയന്റെ കാലത്ത് റോമാസാമ്രാജ്യത്തിന്റെ വിവിധവിഭാഗങ്ങളും ഒരേ ഒരു ദേശീയബോധത്താൽ ഐക്യപ്പെട്ടിരുന്നുവെന്ന് മററുള്ളവരെ കാണിക്കുവാനെങ്കിലും ആ സമ്രാട്ടിന് സാധിച്ചിരുന്നു. എന്നാൽ ഹിറാക്ലിയസ്സിന്റെ സാമ്രാജ്യത്തിൽ അതുപോലെയുള്ള ഒരു ദേശീയബോധത്തിന്റെ വെറും പ്രദർശനംപോലുമില്ലായിരുന്നു. കേന്ദ്രഗവണ്മെന്റും സംസ്ഥാനങ്ങളും തമ്മിൽ ഉണ്ടായിരുന്ന സുദൃഢമായ ഐക്യം നഷ്ടപ്പെട്ടു. മതബോധമാകുന്ന ഒരു ഘടകം മാത്രമാണ് ഹിറാക്ലിയസിന്റെ സാമ്രാജ്യത്തിലെ ജനങ്ങളിൽ ഒത്തൊരുമയുടെ വികാരത്തെ ഉദ്ദീപിപ്പിക്കുവാൻ അവശേഷിച്ചത്. എന്നാൽ ക്രൈസ്തവവേദപണ്ഡിതന്മാരുടെയിടയിൽ തത്വശാസ്ത്രപരമായ അഭിപ്രായവ്യത്യാസം പ്രബലപ്പെട്ടതോടുകൂടി, ക്രൈസ്തവസഭ പല വിഭാഗങ്ങളായി വേർതിരിഞ്ഞുപോകയും, തന്മൂലം ജനങ്ങളുടെ ഐക്യബോധം നിശ്ശേഷം നഷ്ടപ്പെടുകയും ചെയ്തു. അങ്ങനെ ഭിന്നതയുടെ ബീജം സിറിയൻ ക്രൈസ്തവരുടെയിടയിൽ വേരൂന്നിയ കാലം മുതൽ അന്നുണ്ടായിരുന്ന സാമ്രാജ്യം തകർന്നുതുടങ്ങി. ക്രൈസ്തവരുടെ പതനവും മുസ്ലിംകളുടെ ആധിപത്യവും ഒരു സമയത്തുതന്നെയാണ് സംഭവിച്ചത്.

ക്രിസ്തുവിന്റെ സ്വഭാവത്തെ സംബന്ധിച്ചും വ്യക്തിത്വത്തെ സംബന്ധിച്ചും ആയിരുന്നു അഭിപ്രായവ്യത്യാസമുണ്ടായത്. കൽക്കദോന്യയിൽ 451-ാമാണ്ട് നടന്ന സൂന്നഹദോസിൽ യാക്കോബായക്കാരെ "ഏകസ്വഭാവ" വാദികൾ എന്ന് മുദ്രയടിച്ചു. യാക്കോബായക്കാർ ആ സൂന്നഹദോസിൽ സംബന്ധിച്ചില്ല. (യാക്കോബായക്കാർ എന്ന പേരിൽ അറിയപ്പെടുന്ന സമുദായം ഏകസ്വഭാവവാദികളല്ല എന്ന് ഇപ്പോൾ പല വേദപണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു) എന്നാൽ ഏകസ്വഭാവവാദികളായി ഒരു കൂട്ടം ജനം ഉണ്ടായിരുന്നു. രണ്ടു നൂററാണ്ടുകൾ ഈ വിഷയത്തെ സംബന്ധിച്ച് ക്രൈസ്തവപണ്ഡിതന്മാർ തർക്കം നടത്തി. രണ്ടു കൂട്ടരെയും യോജിപ്പിക്കുവാനായി ഹിറാക്ലിയസ് ഒരു പുതിയ തത്വം അവതരിപ്പിച്ചു. എന്നാൽ ഇതുനിമിത്തം അദ്ദേഹത്തെ ജനങ്ങൾ അവിശ്വാസിയായി പരിഗണിക്കുവാനാണുണ്ടായത്. സമാധാനമുണ്ടാക്കുവാൻ ശ്രമിക്കുന്നവർക്ക് ഇങ്ങനെയുള്ള അനുഭവങ്ങൾ ഉണ്ടാകുന്നത് സാധാരണമാണല്ലോ.

മുസ്ലിംകൾ മതപ്രചാരണത്തിനുവേണ്ടി ആക്രമണം നടത്തിയെന്നും, ക്രൈസ്തവരെ ആയുധബലത്താൽ മർദ്ദിച്ചുവെന്നും, അങ്ങനെയാണ് സിറിയയിൽ മുസ്ലിം ആധിപത്യം സ്ഥാപിതമായതെന്നും പറയപ്പെടുന്നു. എന്നാൽ മുസ്ലിം സൈന്യാധിപന്മാർ ദൃഢനിശ്ചയത്തോടുകൂടി ബൈസന്റൈൻ സാമ്രാജ്യത്തിന്റെ നേരെ നടത്തിയ ആക്രമണത്തിന്റെ മുമ്പാകെ ക്രൈസ്തവജനവിഭാഗങ്ങൾ പലതും സ്വമനസ്സാലെ കീഴടങ്ങുകയാണുണ്ടായത്. അതു പല രേഖകളിൽനിന്നും തെളിയുന്നുണ്ട്.

റോമന്മാർ ഉഗ്രമായ ആക്രമങ്ങളാൽ സിറിയയിലെ യാക്കോബായ സമുദായക്കാരെ മർദ്ദിച്ചുകൊണ്ടിരുന്നുവെന്നും, റോമൻ മർദ്ദനത്തിൽനിന്നും തങ്ങളെ രക്ഷിക്കുവാനാണ് ഇസ്മായിലിന്റെ പുത്രന്മാരെ ദൈവം തെക്കുനിന്നും കൊണ്ടുവന്നതെന്നും, അന്ത്യോക്യയിലെ യാക്കോബായ പാത്രിയർക്കീസായിരുന്ന വലിയ മീഖായേൽ പ്രസ്താവിച്ചിട്ടുണ്ട്. ഇതിൽനിന്നും റോമാക്കാരുടെ കീഴിൽ മററു ക്രൈസ്തവസഭാവിഭാഗങ്ങൾ അനുഭവിച്ചിരുന്ന മർദ്ദനം വ്യക്തമാണല്ലോ.

633-നും, 639-നും ഇടയ്ക്ക് അറബികൾ സിറി

യയെ ആക്രമിക്കയും റോമന്മാരെ അവിടെനിന്ന് ക്രമേണ പായിക്കയും ചെയ്തിരുന്ന ഘട്ടത്തിൽ, വളരെ അധികം ക്രൈസ്തവർ മുസ്ലിംകളെ സ്വാഗതം ചെയ്തു. 637-ൽ ദമസ്കസിലെ ജനങ്ങളും അറബിനേതാക്കളുമായി ഒരു സന്ധി നിശ്ചയിച്ചു. സിറിയയിലെ മററു നഗരങ്ങളും അധികം താമസിയാതെ ദമസ്കസ് പട്ടണത്തെ അനുകരിച്ചു. എമേസ, അറത്തൂസ, ഹെറയ്റോപ്പോലിസ് മുതലായ നഗരങ്ങൾ അറബികളുടെ കീഴിൽ സാമന്തരാജ്യങ്ങളെപ്പോലെ വർത്തിച്ചു. ജറുസലേമിലെ പാത്രിയർക്കീസും ഒരുടമ്പടി പ്രകാരം അറബികൾക്ക് പട്ടണം വിട്ടുകൊടുത്തു. ആക്രമണഭീതി നിമിത്തം അറബിസൈന്യങ്ങളെ ജനങ്ങൾ ആദ്യം വെറുത്തിരുന്നുവെങ്കിലും ക്രമേണ ജനങ്ങളുടെ ഭയം ഇല്ലാതെയായിത്തീർന്നു.

മുസ്ലിം അധീനരാജ്യങ്ങളിലെ ക്രൈസ്തവർ പരിപൂർണ്ണമായ സ്വാതന്ത്ര്യം അനുഭവിച്ചിരുന്നുവെന്ന് പറയുവാൻ നിവ്വാഹമില്ല. ജിസിയ എന്ന നികുതി ക്രൈസ്തവരിൽനിന്ന് പിരിച്ചുവന്നു. അതിനു പകരമായി ക്രൈസ്തവരുടെ ജീവനെയും വസ്തുവകകളെയും രക്ഷിക്കുവാനുള്ള ചുമതല മുസ്ലിം ഭരണകർത്താക്കൾ ഏറെറടുത്തിരുന്നു.

മുസ്ലിം ഭരണകർത്താക്കളിൽ പലരും ക്രൈസ്തവരോട് കരുണ കാണിച്ചിരുന്നു. ഖലീഫ ഉമർ അവരിൽ വളരെ ശ്രേഷ്ഠനായ ഒരു പുരുഷകേസരിയായിരുന്നു. ജറുസലേം പട്ടണം അധീനമാക്കിയതിനുശേഷം അവിടത്തെ പാത്രിയർക്കീസ് ഒരുമിച്ച് ഉമർ പല വിശുദ്ധ സ്ഥലങ്ങളും സന്ദർശിച്ചു. "സ്വർഗ്ഗാരോഹണപ്പള്ളി"യിൽ ചെന്ന സമയം പ്രാർത്ഥനയ്ക്കുള്ള അവസരമായിരുന്നു. അവിടെവെച്ച് പ്രാർത്ഥിച്ചുകൊള്ളുവാൻ പാത്രിയർക്കീസ് ഉമറിനെ ക്ഷണിച്ചു. ഉമർ ആലോചനയോടുകൂടി പാത്രിയർക്കീസിൻെറ ക്ഷണത്തെ നിരസിക്കയാണുണ്ടായത്. ആ പള്ളിയിൽ ഉമർ ഒരുനേരമെങ്കിലും പ്രാർത്ഥിച്ചാൽ, അദ്ദേഹത്തിൻെറ പിൻഗാമികൾ പിൽക്കാലത്ത് അതിനെ ഒരു മുസ്ലിംദേവാലയമായി കരുതുവാൻ ഇടയുണ്ടെന്നും, അതിനാൽ മറെറാരു സ്ഥാനത്തുവെച്ച് പ്രാർത്ഥിച്ചുകൊള്ളാമെന്നുമാണ് ഉമർ പ്രസ്താവിച്ചത്. ഉമർ പല സൽക്കർമ്മങ്ങളും ചെയ്തിട്ടുള്ളതായും ക്രൈസ്തവരോട് വളരെ ദയകാണിച്ചിട്ടുള്ളതായും ചരിത്രകാരന്മാരിൽ ചിലർ രേഖപ്പെടുത്തിട്ടുണ്ടെങ്കിലും, അദ്ദേഹത്തെ ഒരു സഹിഷ്ണുതയില്ലാത്ത ആളായി മററു ചിലർ കരുതിവരുന്നുണ്ട്.

മുസ്ലിംകളല്ലാത്തവർ ഇസ്ലാംമതം സ്വീകരിക്കാത്തതിനുള്ള ശിക്ഷയായിട്ടാണ് ജിസിയ ചുമത്തിവന്നതെന്ന് പലരും ധരിച്ചുവരുന്നു. എന്നാൽ ജിസിയ നൽകുന്നവർ സൈന്യസേവനം അനുഷ്ഠിക്കണമെന്ന് നിർബ്ബന്ധമില്ലായിരുന്നു എന്നുള്ള സംഗതി വിസ്മരിക്കുവാൻ നിവ്വാഹമില്ല. അതേ സമയം, അവരെ രക്ഷിക്കുവാനുള്ള ചുമതല ഭരണാധികാരികൾക്കുണ്ടായിരുന്നു. മുസ്ലിംകൾ സിറിയയിലെ പല പട്ടണങ്ങളും കൈവശപ്പെടുത്തിയതിനുശേഷം, ഹിറാക്ലിയസ് പ്രത്യാക്രമണത്തിനു ഒരുമ്പെട്ടപ്പോൾ, അധീനനഗരങ്ങളിലെ ജനങ്ങളോട വാങ്ങിയ ജിസിയ തിരിച്ചുകൊടുക്കുവാൻ സൈന്യാധിപനായ അബു ഉബയ്ദ് ആജ്ഞാപിച്ചു. ഹിറാക്ലിയസിൻെറ ആക്രമണത്തിൽനിന്നു ജനങ്ങളെ രക്ഷിക്കുവാൻ സാധിക്കാതെ വന്നേക്കുമെന്നു വിചാരിച്ചാണ് അബുഉബയ്ദ് ഇപ്രകാരം ഉത്തരവു പുറപ്പെടുവിച്ചത്.

അന്ത്യോക്യയുടെ സമീപത്തുണ്ടായിരുന്ന അൽജുറാജിമ എന്ന ക്രൈസ്തവഗോത്രം ജിസിയ കൊടുക്കുന്നതിനു പകരം സൈന്യസേവനമനുഷ്ഠിക്കാമെന്നു സമ്മതിച്ചു. ഇതുപോലെയുള്ള സേവനം നടത്തുവാൻ സമ്മതിച്ച അൽബേനിയക്കാരും ഗ്രീസുകാരും ആയ



ക്രൈസ്തവരുടെ പക്കൽനിന്നു അതതു കാലത്തെ മുസ്ലീം സൈന്യാധിപന്മാർ ജിസ്യ പിരിച്ചുവന്നില്ല.

പിൽക്കാലത്തു് മുസ്ലീം അധീനരാജ്യങ്ങളിലെ ക്രൈസ്തവർ മുസ്ലീംഗവൎമ്മെൻറുകളിൽ വലിയ ഉദ്യോഗങ്ങളും വഹിച്ചിട്ടുണ്ടു്. മുസ്ലീംഭരണം പ്രസ്തുത രാജ്യങ്ങളിൽ സ്ഥാപിതമായതിനുശേഷം അവിടങ്ങളിൽ പല പള്ളികളും നിൎമ്മിച്ചിട്ടുണ്ടു്. ഇപ്പോഴും അവിടങ്ങളിൽ ക്രൈസ്തവർ ജീവിച്ചുപോരുന്നു എന്നതിൽനിന്നു മുസ്ലീംകളും പരിപൂൎണ്ണമായ സംഹാരനയം ഒരിക്കലും പാലിച്ചിരുന്നില്ല എന്നു മനസ്സിലാക്കാവുന്നതാണു്.

സംഗതികളും അങ്ങനെ ആണെങ്കിൽ, പൗരസ്ത്യസഭ അധഃപതിക്കുവാൻ കാരണമെന്തു്? അവിടെ ഉണ്ടായിരുന്ന ക്രൈസ്തവരിൽ ഭൂരിപക്ഷം ജനങ്ങളും ഇസ്ലാംമതം സ്വീകരിച്ചതെന്തിനു്?

ഓർത്തഡോക്സ് സഭ, നെസ്തോറിയൻസഭ, യൂത്തിക്കിയൻസഭ, എന്നിങ്ങനെ പൗരസ്ത്യസഭ പല വിഭാഗങ്ങളായി ചിതറിപ്പോയി. അവർ തമ്മിൽ നടന്ന സംഘട്ടനങ്ങളും ക്രൈസ്തവരാഷ്ട്രത്തിന്റെ ശക്തിയെ ഇല്ലാതെയാക്കി. സാധാരണക്കാൎക്കു ദുൎഗ്രഹമായ വേദാന്തവാദങ്ങളിൽ പ്രസ്തുത സഭകളിലെ പണ്ഡിതന്മാർ നിമഗ്നരായി. സംഘടനയില്ലാതെ സഭാംഗങ്ങളും ഇടയനില്ലാത്ത ആടുകളെപ്പോലെ അലഞ്ഞു. റോമന്മാരുടെ മൎദ്ദനനയം പൗരസ്ത്യസഭാംഗങ്ങളുടെ നിരാശ്രയാവസ്ഥയെ ഗൗരവാവഹമാക്കിത്തീൎത്തു. അപ്പോൾ തത്ത്വവാദങ്ങളെ മനസ്സിലാക്കാൻ വയ്യാതെ കുഴങ്ങിയ സിറിയൻ ക്രൈസ്തവർ അനുസംഘടിതവും പ്രബലവും ആയിരുന്ന മുസ്ലീംസമുദായത്തെ ആശ്ലേഷിച്ചു. ശേഷിച്ച ക്രൈസ്തവർ ഇന്നും അവിടെ നിവസിച്ചുപോരുന്നു.

New
Taj Mahal Hotel
CALICUT.

റെയിൽവേസ്റ്റേഷന്നടുത്ത് ഒയിററി റോഡിൽ പുതുതായി തുറന്നിട്ടുള്ള

ന്യൂ താജ്മഹൽ ഹോട്ടൽ

സ്വദേശികൾക്കും, വിദേശികൾക്കും, യാത്രക്കാൎക്കും താമസത്തിന്നും ഭക്ഷണപാനീയങ്ങൾക്കും ഏററവും സൌകൎയ്യപ്രദം.

ടീപാൎട്ടികളും ഏറെറടുത്തു് നടത്തപ്പെടുന്നതാണ്.

നിങ്ങളുടെ സന്ദൎശനത്തെയും പരീക്ഷണത്തെയും ക്ഷണിച്ചുകൊള്ളുന്നു.

കോഴിക്കോട്ടു പട്ടുതെരുവിൽ സ്പെൻസറിനെ അഭിമുഖീകരിച്ചുള്ള ബോംബെ ഹോട്ടലിന്റെ ഉടമസ്ഥനാൽ നടത്തപ്പെടുന്നതു്.

ബാലപംക്തി

നമ്മുടെ ഭാരതം

പി. കെ. എം. കുഞ്ഞു.

ഭാവിയുടെ വിധി എഴുതുന്നവരെ!

നിങ്ങളെ അങ്ങിനെയാണ് സംബോധന ചെയ്യേണ്ടത്. കാരണം നിങ്ങളാണല്ലോ ദേശത്തിന്റെയും, സമുദായത്തിന്റെയും ചരിത്രം നിർണ്ണയിക്കേണ്ടത്. നിങ്ങളിലാണല്ലോ ഭാവി വിഭാവനം ചെയ്യാനുള്ള സൂക്ഷ്മദർശിനി പ്രകൃതി അർപ്പിച്ചിട്ടുള്ളത്!

'റവ്യൂ'വിന്റെ ബാലപംക്തി നിങ്ങൾക്ക് വിലയേറിയ പല ജ്ഞാനമുത്തുകളും സമ്മാനിച്ചുകഴിഞ്ഞിട്ടുണ്ട്. നിങ്ങൾക്ക് ഭാരതത്തിലെ ബാലന്മാർ എന്നനിലക്ക് അവരുടെ നിലയെപ്പററി ഒരു സാമാന്യജ്ഞാനം അത്യാവശ്യമായിരിക്കും.

ഭാരതം ജ്ഞാനത്തിന്റെ ഭണ്ഡാഗാരമാണെന്ന് നിങ്ങൾ അറിഞ്ഞിരിക്കും. ശാസ്ത്രങ്ങൾക്കും തത്വങ്ങൾക്കും വളരാനും വികസിക്കാനും മാത്രം അതിലെ മണ്ണ് എന്നും അഴത്തിരുന്നുവെന്ന് സുപ്രസിദ്ധമാണ്. ആദിമകാലത്ത് ആര്യന്മാരുടെയും, അതിനുശേഷം അക്ബാരുടെയും ഔറംഗസേബിന്റെ വംശമായ മംഗോളിയന്മാരുടെയും, ആഗമനംകൊണ്ട് അതിലെ അതത് കാലത്തെ 'പരിഷ്കാരസസ്യം' തഴച്ചു കൊഴുത്തു പുഷ്പിച്ചിരുന്നു. പരാധീനയാണെങ്കിലും പാശ്ചാത്യരുടെ പാദസ്പർശവും പരിഷ്കാരത്തിനു വളരുവാനുള്ള പരിതസ്ഥിതി പതിന്മടങ്ങ് വർദ്ധിപ്പിക്കുകയാണുണ്ടായത്. ഇങ്ങിനെ അതത് കാലത്ത് ലോകത്തിലെ ഏതു രാഷ്ട്രത്തെയും വിസ്മയിപ്പിക്കത്തക്ക 'പുരോഗതി' അതിനുണ്ടായിരുന്നു; നിങ്ങളൊന്നു മദ്ധ്യേന്ത്യയിലേക്ക് നോക്കൂ! പരിഷ്കാരത്തിന്റെയും, സംസ്കാരത്തിന്റെയും പാരമ്യത്തിന്റെ പതറാത്ത പാരമ്പര്യം അതാ ഇന്നും താജ്മഹൽ സാഭിമാനം ഉൽഘോഷിക്കുന്നു. ദക്ഷിണേന്ത്യയിലോ? ആ മധുരയിലെ മീനാക്ഷിക്ഷേത്രത്തിന്റെ ആകാരമാധുര്യം മനംകുളിർപ്പിക്കത്തക്കവണ്ണമാണുള്ളത്. അതാ ആ കുതബ്മിനാർ ഇന്നും ശില്പശാസ്ത്രത്തിന്റെ ഔന്നത്യത്തിനു ഉദാഹരണമായി നിലകൊള്ളുന്നു. കൊടുങ്ങല്ലൂരിന്നടുത്ത കോട്ടപ്പുറം പുഴക്കരെ കാണാം ഇന്നും സംസ്കാരത്തിന്റെ മായാത്ത ഛായാപടങ്ങളെന്നോണം ചേരമാന്റെ കോട്ടയുടെ അവശിഷ്ടങ്ങൾ തലയുയർത്തിനില്ക്കുന്നു. പാലക്കാട്ടെ, ടിപ്പുവിന്റെ കോട്ട ഇന്നും നമ്മെ 'അഭിമാനം' കൊള്ളിക്കുന്നുണ്ടെങ്കിൽ പാലാട്ട് കോമന്റെ പടവിരുതിന്റെ സ്മരണ ഇന്നും നമുക്ക് 'വീര്യം' ഉപദേശിച്ചു തരുന്നില്ലേ!

എന്തിനേറെ! പ്രകൃതിതന്നെ അതിന്റെ മൃദുവായ കൈകൾകൊണ്ട് മിനുസംകൂട്ടി മരതകപ്പച്ച പിടിപ്പിച്ച നമ്മുടെ മാതൃഭൂമി മഴവില്ലിനുംകൂടി അസൂയ ജനിപ്പിക്കുന്നതാണ്. ഭാരതത്തിന്റെ ഭംഗികണ്ട് അസൂയപ്പെടരുതെന്ന് അപ്സരസ്സുകളോടപേക്ഷിച്ച ഇക്ബാലിന്റെ വർണ്ണന തികച്ചും ശരിയല്ലേ! മാതൃഭൂമിയുടെ മാറത്തെപ്പററിയുള്ള ഗാനാലാപമാണോ മന്ദമാരുതൻ നിത്യവും നടത്തുന്നതെന്ന് തോന്നും, കാശ്മീരത്തിന്റെയും, കേരളത്തിന്റെയും കമനീയതയെപ്പററി ചിന്തിച്ചാൽ!

യൂറോപ്യൻ രാഷ്ട്രങ്ങൾ സാംസ്കാരികമായി എത്രതന്നെ മുന്നോട്ടു പോയിട്ടുണ്ടെങ്കിലും, ഷെയ്ക്സ്പിയറോടും, മിൽട്ടനോടും, ഷെല്ലിയോടും കിടപിടിപ്പാൻ കാളിദാസനേയും, ടാഗോറിനേയും, ഇക്ബാലിനേയും ഭാരതവും ലോകത്തിനു സംഭാവന ചെയ്തിട്ടുണ്ട്. എഡിസണും, ന്യൂട്ടനും ശാസ്ത്രത്തിന്റെ കലവറകളായിരുന്നുവെങ്കിൽ സസ്യത്തിനു ജീവൻ കൊടുത്ത ജഗദീശനും, ജീവിതം സയൻസിനർപ്പിച്ച റായിയും അവരുടെ സദസ്സിലേക്കു മതി. ഹാർഡെയിൻ ഇംഗ്ലണ്ടിലാണെങ്കിൽ രാമൻ ഇന്ത്യയിലാണ്.

വ്യാവസായികമായി നമ്മുടെ രാഷ്ട്രം പിന്നിലാണെന്ന പരാതിയെപ്പററി നമുക്ക് ഒന്നു ചിന്തിച്ചു നോക്കാം! ശരിയാണ് ഭാരതത്തിനു പുരോഗതിപ്പെടുവാൻ സാധിക്കുന്നതിന്റെ ആയിരത്തിലൊന്നു അതിനു സാധിച്ചില്ല. അടിമവ്യാധിക്കുമ്പിൽ നൂറായിരം ആപൽമാലകളെ അതിന് തരണംചെയ്യേണ്ടതില്ലാത്ത അവസരം കുറവാണ്. പക്ഷെ ഭാരതത്തോളം ശാസ്ത്രീയപുരോഗതിക്ക പററിയ മറെറാരു രാഷ്ട്രമില്ലെന്നുമാത്രം!

ഇന്ത്യ അസംസ്കൃതപദാർത്ഥങ്ങളുടെ കലവറയാണ്. ലോകരാഷ്ട്രങ്ങളുടെ ആവശ്യത്തിനു ഒരാലോചനാസദസ്സ് നടത്തുകയാണെങ്കിൽ ഭാരതമായിരിക്കും ഒന്നാംസ്ഥാനം അലങ്കരിക്കുക. ശാസ്ത്രത്തിനു ശ്വസിക്കാൻ കരിയിരിമ്പില്ലെങ്കിൽ കഴികയില്ലല്ലോ? ഇരിമ്പു ഇന്ത്യയിലാണ് ഏററവും അധികമുണ്ടാകുന്നതു്. എണ്ണവിത്തുകൾ ലോകത്തിനു സംഭാവനചെയ്യുന്നതിൽ രണ്ടാംസ്ഥാനം ഇന്ത്യക്കാണ്. പഞ്ഞിക്കു പഞ്ഞമില്ലാത്ത ദുർല്ലഭം രാജ്യങ്ങളിൽ ഒന്നു അമേരിക്കയാണെങ്കിൽ രണ്ടാമത്തേതു് ഭാരതവുമാണ്. പുകയില കണ്ടുപിടിച്ച 'റാലി' ഇന്ത്യയിലല്ലെങ്കിലും പുകയില ഏററവും അധികം ഉണ്ടാകുന്നതു ഇവിടെയാണ്. ചണക്കച്ചവടത്തിന്റെ കുത്തക ഭാരതത്തിനാണ്. പരിഷ്കൃതലോകങ്ങളെപ്പററി പഠിപ്പിച്ചതു് പാശ്ചാത്യരാണെന്നല്ലോ പറയപ്പെടുന്നതു്! പരക്കെ ലോകത്തിലെ മാംഗനീസിൽ $\frac{1}{3}$ ഭാഗവും, മൈക്കയിൽ $\frac{3}{4}$ ഭാഗവും, ഇന്ത്യയിലാണ്. അരിയും കോതമ്പവും എവിടെയാണധികമെന്ന പ്രശ്നമേ ഉണ്ടാകുന്നതില്ലല്ലോ! ഇതിനെല്ലാം പുറമെ ഭാരതത്തിനു 260ലക്ഷം കന്നുകാലികളും 14 ലക്ഷം കുതിരകളുമുണ്ട്.

ഇന്ത്യയുടെ സിൽക്ക്, മസ്ലിൻ ഇവയുടെയെല്ലാം പ്രസിദ്ധി അറിയാൻ പാശ്ചാത്യപ്രദേശങ്ങളിലെ പട്ടണങ്ങളിൽ പോകണം! ആദിത്യനസ്തമിക്കാത്ത ആംഗ്ലേയസാമ്രാജ്യത്തിൽ തുണിവ്യവസായത്തിൽ രണ്ടാംസ്ഥാനം ഇന്ത്യക്കാണ്. യുദ്ധത്തിന്നു മുമ്പു പരിഷ്കാരത്തിന്റെ പരമകാഷ്ഠ പ്രാപിച്ചതായി പരിഗണിച്ചിരുന്ന ഫ്രാൻസിനെക്കാളും രണ്ടിരട്ടി കച്ചവടം ഇന്ത്യ നടത്തുന്നുണ്ടായിരുന്നു. കല്ക്കരിയിൽ ബ്രിട്ടീഷ്സാമ്രാജ്യത്തിൽ രണ്ടാംസ്ഥാനമേ ഇന്ത്യക്കുള്ളുവെങ്കിൽ പഞ്ചസാരയിൽ ലോകത്തിൽ ഒന്നാംസ്ഥാനം അവർക്കാണ്. ബ്രിട്ടീഷ്സാമ്രാജ്യത്തിലെ ഒന്നാംകിട ഇരിമ്പുവ്യവസായം ജാംഷഡ്പൂരിലാണ് നടക്കുന്നതു്. യുദ്ധകാര്യത്തിലും ഇന്ത്യ പിന്നിലൊന്നുമല്ല. ടൂണീഷ്യൻവിജയത്തിലും, മുസ്സൊലിനി പരാജയത്തിലും പ്രധാന പങ്ക് ഇന്ത്യക്കാണ്. വ്യോമയാനവകുപ്പിൽ ബാംഗ്ളൂരിലെ (Bangalore) കമ്പിനി ലോകത്തിലെവിടെയും പ്രസിദ്ധമാണ്.

ബ്രിട്ടീഷ്സാമ്രാജ്യത്തിൽ രണ്ടാമത്തേതും, ലോകത്തിൽ നാലാമത്തേതുമായ കല്ക്കത്ത ഇന്ത്യയിലാണെങ്കിലും അവരു ഇനിയും വ്യാവസായികമായി ഉയർന്നുകഴിഞ്ഞിട്ടില്ല. വ്യവസായമാണല്ലോ ഇന്നു പരിഷ്കാരത്തിന്റെ മാനദണ്ഡം! ഇന്ത്യയിൽ 2 ശതമാനം ജനങ്ങളേ വ്യവസായത്തിലേർപ്പെട്ടിട്ടുള്ളു. 75 ശതമാനവും അപരിഷ്കൃതരീതിയിൽ നടത്തപ്പെടുന്ന കൃഷിയിലാണ്. ഈ ശോചനീയാവസ്ഥക്കു പരിഹാരം കണ്ടെങ്കിലേ നമ്മുടെ പരിഷ്കാരപാരമ്യത്തിന്റെ മുമ്പിൽ ലോകത്തിനോടു കിടപിടിക്കുന്നതെന്നോണം തെളിഞ്ഞുനില്ക്കാൻ നമുക്കു സാധിക്കൂ! അതു നിങ്ങളിലാണിരിക്കുന്നതു്. നിങ്ങൾ രാഷ്ട്രോന്നമനത്തിനു വെമ്പിപ്പുറപ്പെടുന്നെങ്കിൽ മാതൃഭൂമി അതുകണ്ട് കൺകുളിർത്ത് ഭാവിയെപ്പററി മധുരസ്വപ്നം കാണും! അതിലാണ് നമ്മുടെ വിജയം.

കുറിപ്പുകൾ

മുസ്ലിംകളുടെ വിദ്യാഭ്യാസം:—

വിദ്യാലയങ്ങളിൽ സ്ഥലമില്ലായ്ക കാരണം വിദ്യാർത്ഥികളുടെ പുരോഗതിക്കു പൊതുവിൽ ഈ കൊല്ലം മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ തടസ്സം നേരിട്ടിട്ടുണ്ടെന്നുള്ള സംഗതി പരക്കെ അറിയാവുന്നതാണ്. എന്നാൽ മുസ്ലിം വിദ്യാർത്ഥികളെ സംബന്ധിച്ചേടത്തോളം അതവർക്കു കുനിന്മേൽകുരുവായിത്തീർന്നിരിക്കുന്നുവെന്നു പറഞ്ഞാൽ പരമാർത്ഥം മാത്രമായിരിക്കും. മുസ്ലിംകൾ മുമ്പേതന്നെ വിദ്യാഭ്യാസത്തിൽ പിന്നോക്കംനില്ക്കുന്ന ഒരു സമുദായമാണല്ലോ. വിദ്യാലയങ്ങളിലെ സ്ഥലക്കുറവു അവരുടെ അവസ്ഥയെ കഷ്ടാൽകഷ്ടതരമാക്കിത്തീർക്കുകയാണ് ചെയ്യുന്നത്. എലിമെണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കു ഹൈസ്കൂളുകളിൽ ചേർന്നു വേണമല്ലോ വിദ്യാഭ്യാസം തുടരുവാൻ. മുസ്ലിംകൾക്കാണെങ്കിൽ മലബാറിൽ അങ്ങുന്നിങ്ങോളം നോക്കിയാൽ ആകപ്പാടെ നാലു ഹൈസ്കൂളുകൾ മാത്രമാണുള്ളതു്. അതുകൊണ്ടവർ ഉപരിപഠനം ഇച്ഛിക്കുന്നവരാണെങ്കിൽ അന്യസമുദായങ്ങളാലോ ഗവർമ്മേണ്ടുകളാലൊ നടത്തപ്പെടുന്ന ഹൈസ്കൂളുകളെ ശരണംപ്രാപിക്കേണ്ടിവരുന്നു. സാമുദായിക സ്കൂളുകളിൽ എപ്പോഴും മുൻഗണന നൽകുന്നതു് അതതു സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കായിരിക്കുമെന്നതു് സ്വാഭാവികം മാത്രമാണ്. അതുകൊണ്ട് അന്യസമുദായങ്ങളാൽ നടത്തപ്പെടുന്ന വിദ്യാലയങ്ങളിൽ മുസ്ലിം വിദ്യാർത്ഥികൾക്കു പ്രവേശം സിദ്ധിക്കുക പ്രയാസമാകുന്നു. ഗവർമ്മേണ്ടുവകയായി നടത്തപ്പെടുന്ന ഹൈസ്കൂളുകളിലാണെങ്കിൽ വിദ്യാർത്ഥികളുടെ പ്രാപ്തിയായിരിക്കും പ്രവേശത്തിന്നുള്ള ഉപാധിയായി സ്വീകരിക്കുക. മുസ്ലിംകൾ വിദ്യാഭ്യാസപാരമ്പര്യമില്ലാത്തവരായതുകൊണ്ട് അവർ അക്കാര്യത്തിലും മററുള്ളവരുടെ പിന്നിലാണുള്ളതു്. അതിനാൽ അവിടെയും അവർക്കു പ്രവേശം കിട്ടുകയെന്നതു പ്രയാസംതന്നെയാണ്. ഈ വക സംഗതികളാലാണ് കൂടുതൽ സാമുദായികവിദ്യാലയങ്ങൾക്കായി മുസ്ലിം വിദ്യാഭ്യാസതല്പരന്മാർ മുറവിളികൂട്ടിക്കൊണ്ടിരിക്കുന്നതു്.

മുസ്ലിംകളുടേതെന്നു പറയാവുന്ന നാലു ഹൈസ്കൂളുകളിൽ രണ്ടെണ്ണം മാനേജുമെണ്ടുവകയായും രണ്ടെണ്ണം ഗവർമ്മേണ്ടുവകയായുമാണ് നടക്കുന്നതു്. ഗവർമ്മേണ്ടുവകയായി നടക്കുന്ന തിരൂർ ഗേൾസ് ഹൈസ്കൂൾ ഹോസ്റ്റലിന്നു വേണ്ടിവരുന്ന ചെലവുകൾ നേരിടാൻ തക്ക ഫണ്ടില്ലെന്നുള്ളതു് സമുദായം അറിഞ്ഞിട്ടുള്ള കാര്യമാണല്ലോ. അതിന്നു ഒരു സ്ഥിരം ഫണ്ടുണ്ടാക്കാനുള്ള ഖാൻബഹദൂർ ജനാബ് കെ. മുഹമ്മദു സാഹിബിന്റെ അഭ്യർത്ഥനയ്ക്കു ഇനിയും ഉദാരമായ മറുവടി സമുദായത്തിൽനിന്നുണ്ടായിട്ടില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. സഹോദരസമുദായങ്ങൾ മുന്നോട്ടു ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുന്ന ഇക്കാലത്തു ഇനിയും എത്രത്തോളമാണ് മുസ്ലിംകൾ പിന്നിട്ടുനില്ക്കാൻ ഒരുങ്ങിയിരിക്കുന്നതെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. വിദ്യാഭ്യാസത്തിന്റെ ഗുണം ഇനിയും സമുദായം മനസ്സിലാക്കിയിട്ടില്ലെങ്കിൽ അതു വ്യസനിക്കത്തക്ക സംഗതിതന്നെയാണ്. ഒരു കാലത്തു ലോകത്തിന്നു വിജ്ഞാനവെളിച്ചം പരത്തിക്കൊണ്ടിരുന്ന ഒരു സമുദായമാണു മുസ്ലിംകളുടേതെന്നോർക്കുമ്പോൾ ഇന്നത്തെ

അവരുടെ ശോച്യാവസ്ഥയിൽ ഏതൊരു സമുദായസ്നേഹിയാണ് കണ്ണീരൊഴുക്കാതിരിക്കുക? അതുകൊണ്ടു ഗവൺമെണ്ടിൻെറ സഹായത്തോടുകൂടി മുസ്ലിംകൾക്കായി ഏർപ്പെടുത്തിതന്നിട്ടുള്ള സ്ഥാപനങ്ങളുടെ നിലനില്പിന്നും അഭിവൃദ്ധിക്കും വേണ്ടി ഉള്ളഴിഞ്ഞു ധനസഹായം ചെയ്വാൻ ഞങ്ങൾ വീണ്ടും വീണ്ടും സമുദായത്തോടു അഭ്യർത്ഥിക്കുന്നു.

തലശ്ശേരിയിലെ മുസ്ലിം വിദ്യാഭ്യാസത്തിന്നായി ഏതാനും മാസങ്ങൾക്കു മുമ്പ് അവിടത്തെ ഹുസ്സൻ കാസം ദാദാ പാണ്ടികശാലക്കാർ ഒരു ലക്ഷം ഉറുപ്പിക സംഭാവന ചെയ്തതു് ഒരുപക്ഷെ വായനക്കാർ അറിഞ്ഞിട്ടുണ്ടായിരിക്കാം. ഹുസ്സൻകാസം ദാദാ സേട്ടുവെപ്പോലുള്ള അനേകം വർത്തകപ്രമാണികൾ ഇനിയും കേരളത്തിലുണ്ടു്. ആ മഹാനുഭാവൻെറ മാതൃകയെ മററുള്ളവരും കൈക്കൊള്ളുകയാണെങ്കിൽ മുസ്ലിം വിദ്യാഭ്യാസം അടുത്തഭാവിയിൽതന്നെ ശോഭമാനമായ ഒരു നില പ്രാപിക്കുമെന്നതിൽ സന്ദേഹമില്ല. സമ്പാദിച്ച്, മരിക്കുമ്പോൾ ലോകത്തു വിട്ടുംവച്ചുപോകുന്ന ധനം തങ്ങളുടേതല്ലെന്നും സന്മാർഗ്ഗത്തിൽ ചെലവുചെയ്യുന്ന ധനം മാത്രമാണ് തങ്ങളുടെ സ്വത്തെന്നും മുസ്ലിം വർത്തകപ്രധാനരെ ഞങ്ങൾ ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ.

ഈ അവസരത്തിൽ കാസർകോട്ടു മുസ്ലിം ഹൈസ്കൂളിൻെറ സ്ഥാപനകാര്യത്തിൽ നേതൃത്വം നൽകിയ ജനാബ് മുഹമ്മദു ശമ്മനാടു സാഹിബിനെയും മാഹിയിലെ ഹൈസ്കൂളിന്നുവേണ്ടി അത്യദ്ധ്വാനംചെയ്തുകൊണ്ടിരിക്കുന്ന മയ്യലവിദ്യാ ഹൈസ്കൂൾ കമ്മിററിയെയും അഭിനന്ദിക്കാതിരിക്കുന്നതു കൃതഘ്നതയായിരിക്കും.

കേരളത്തിൽ ഇനിയും എത്രയോ മുസ്ലിംഹൈസ്കൂളുകൾ ആവശ്യമാണ്. കണ്ണൂര്, തലശ്ശേരി, വടകര, കോഴിക്കോടു, പൊന്നാനി മുതലായ നഗരങ്ങളിലുള്ള മുസ്ലിംകൾ ഉത്സാഹിക്കുകയാണെങ്കിൽ അവിടങ്ങളിൽ ഓരോ ഹൈസ്കൂളുകൾ സ്ഥാപിക്കുകയെന്നതു് അത്ര പ്രയാസമായൊരു കാര്യമല്ല. അല്പമായ ശ്രദ്ധയും സന്മനസ്സും മാത്രമേ വേണ്ടതുള്ളു. സമുദായത്തിൻെറ അവശതകൾക്കു പരിഹാരം കാണാനുള്ള മാർഗ്ഗത്തിൽ സർവ്വപ്രാധാന്യമായി നില്ക്കുന്നതു് സമുദായത്തിലെ യുവജനങ്ങളുടെ വിദ്യാഭ്യാസമാണ്. സമുദായത്തിൻെറ സവിശേഷമായ ശ്രദ്ധ ഇക്കാര്യത്തിൽ ഉടനടി പതിഞ്ഞുകാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

വട്ടാമ്പൊയിൽ
ചാത്തുക്കുട്ടി വൈദ്യരുടെ
പ്രസിദ്ധമായ
A.V. OIL
രക്തദൂഷ്യത്തിന്നു അത്യുത്തമം.
K V. KRISHNAN.
THE ANGLO INDIAN PHARMACY, CALICUT.

Use "CROWN BRAND" TILES

Managing Proprietor:—
P. K. NAIR.

REGD
TRADE MARK
Estd. 1920.

Tele { gram: NAIR, FEROKE
Phone: 70, Calicut.

Sales Depot & Branch Office at Wolfendhol Street, Colombo

14" Gauge



Perfect Model

Best quality "Crown" brand roofings and other tiles

Strong, light & non-porous.
Largely used throughout
INDIA, BURMA, CEYLON & F. M. S.

Manufactured by:—
The Malabar Tile Works,
FEROKE, S. Malabar.

ഭക്തിവിപ്ലവം

മദിരാശി സ്കൂൾ ബുക്ക് ആൻറു ലിററേച്ചർ സൊസൈററിയുടെ
സമ്മാനം നേടിയ ഒരൊന്നാംതരം ചരിത്രാഖ്യായിക

"ഇത്ര നല്ലതായ ഒരു കഥാപുസ്തകം അടുത്തകാലത്തൊന്നും ഭാഷയിൽ വേറെ ഉണ്ടായിട്ടില്ലെന്നാണ് തോന്നുന്നതു്" എന്നാണ ഈ പുസ്തകത്തെപ്പററി പണ്ഡിതാഗ്രേസരനും സുപ്രസിദ്ധ സാഹിത്യവിമർശകനുമായ കെ. വി. എം. ഇതിൻെറ അവതാരികയിൽ പറഞ്ഞിരിക്കുന്നതു്. 550 പുറങ്ങളുള്ള ഈ പുസ്തകത്തിനു വില 3-ക. മാത്രം. പ്രധാനപ്പെട്ട എല്ലാം പുസ്തകക്കച്ചവടക്കാരിൽനിന്നും കിട്ടുന്നതാണ്.

"CROWN BRAND" Underwears for You!

WHETHER WAR OR NO WAR

We are always at your Service

Insist on CROWN BRAND and CROWN BRAND alone

CHEAP AND DURABLE

BEST BY EVERY TEST

Manufactured by:—

MALABAR & PIONEER HOSIERY LTD.,

CHALAPURAM P. O., CALICUT.

SPORTS SHIRTS ARE OUR SPECIALITIES.

ഏതുതരം അച്ചടിപ്രവൃത്തികളും, ബുക്ക്
ബൈണ്ടിങ്ങും മിതമായ നിരക്കിൽ ഭംഗിയായും
വൃത്തിയായും കൃത്യസമയത്തു് ചെയ്തുകൊടുക്കും.

അധിക വിവരങ്ങൾക്കു് അന്വേഷിക്കുക:—

എമ്പയർ പ്രസ്സ്,

ബേങ്ക് റോഡ്,

കോഴിക്കോട്.

വൈദ്യരത്നം പി. എസ്സ്. വാരിയരുടെ

ആര്യവൈദ്യശാല, കോട്ടക്കൽ

ശാഖകൾ:— കോഴിക്കോട് & പാലക്കാട്.

സുമാർ നാലു പന്തീരാണ്ടുകാലമായി വൈദ്യരത്നം പി. എസ്സ്. വാരിയരവർകൾ "ആയുർവ്വേദ"ത്തിൻെറ അഥവാ "ആര്യവൈദ്യ"ത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി നാനാപ്രകാരേണയും അശ്രാന്തപരിശ്രമം ചെയ്തുകൊണ്ടിരുന്നതിൻെറ ഏത്രയും വിജയകരമായ ഫലമാണ് "സാക്ഷാൽ ആര്യവൈദ്യശാല."

ശാസ്ത്രവിധിയിൽനിന്നു അണുപോലും വ്യതിചലിക്കാതെ പാകം ചെയ്യപ്പെട്ടിട്ടുള്ള ആയുർവ്വേദ ഔഷധങ്ങൾ താരതമ്യേന മിതമായ വിലക്ക് ഇവിടെ എപ്പോഴും തയ്യാറുണ്ടായിരിക്കും. രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കേണ്ടതിലേക്ക് വിദഗ്ദ്ധന്മാരായ വൈദ്യന്മാർ കോട്ടക്കലും ബ്രാഞ്ചുകളിലും എല്ലായ്പ്പോഴും തയ്യാറുണ്ടായിരിക്കുന്നതാണ്. എന്നാൽ നവരക്കിഴി, തക്രധാര, പിഴിച്ചൽ മുതലായ പ്രധാനപ്പെട്ട ചികിത്സകൾക്കു കൂടുതൽ സൌകര്യം കോട്ടക്കൽതന്നെയാണ്. രോഗവിവരം വിശദമായി എഴുതിഅറിയിച്ചാൽ യാതൊരു പ്രതിഫലവുംകൂടാതെ ചികിത്സാനിർദ്ദേശങ്ങൾ മടക്കത്തപ്പാലിൽത്തന്നെ അയച്ചുകൊടുക്കുന്നതാണ്. മരുന്നുകൾ വി. പി. യായും അയച്ചുകൊടുക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കു മലയാളം, തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകളിലുള്ള ഔഷധപ്പട്ടികകൾക്കാവശ്യപ്പെടുക. സൌജന്യമായി അയച്ചുകൊടുക്കുന്നതാണ്.

മാനേജർ.

മേഘച്ഛായ

ജി. ശങ്കരക്കുറുപ്പ്.

മേഘസന്ദേശത്തിൻെറ ശബ്ദാർത്ഥസൌകുമാര്യം കളിയാടുന്ന പുതിയ വിവർത്തനം. ഇതിൻെറ അവതാരികയിൽ ശ്രീമാൻ പി. ശങ്കരൻ നമ്പ്യാർ, എം. എ. എഴുതുന്നു: "വാസനാനുഗൃഹീതനും കവിധർമ്മമർമ്മജ്ഞനുമായ ഒരു കേരളീയ സഹൃദയവര്യൻെറ വിശദമനോമുകുരത്തിൽ നിഴലെടുത്തുയർന്നിട്ടുള്ള ഈ 'മേഘച്ഛായ'യെ അദ്ദേഹത്തിൻെറ പ്രതിഭയാകുന്ന മഴവില്ല് നെടുനീളം ഒളിവീശി അത്യാകർഷകമാക്കിയിരിക്കുന്നതു നോക്കുക! കവിസഹജമായ വിനയം നിമിത്തം മേഘാനുവാദംഎന്നതിനു പകരം 'മേഘച്ഛായ' എന്ന് ഇതിനു നാമകരണംചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും, വാസ്തവത്തിൽ മൂലത്തോട് ഏററവും യോജിച്ചുപോയിട്ടുള്ള ഒരു തർജ്ജമയാണിതെന്ന് ഒത്തുനോക്കിയാൽ സ്പഷ്ടമാകുന്നതാണ്". പി. വി. കൃഷ്ണൻ നായർ, B. O. L, അവർകളുടെ വ്യാഖ്യാനത്തോടുകൂടി —

വില ഒരു ഉറുപ്പിക മാത്രം.

THE DECCAN PUBLISHING HOUSE,
HUZUR ROAD, CALICUT.

STEEL SAFES

AND

Strong Rooms Specialities

RENOWNED
QUALITY AND
WORKMANSHIP
TO ANY
SPECIFICATIONS.

PRICES MODERATE

THE COMMONWEALTH TRUST, LTD.,

CALICUT, MALABAR.